ജനുവരി– 2011

# സുവിശേഷനാദം

Vol. 31 Suvisesha Nadam No. 1



മുളക്കുഴ സീയോൻകുന്നിൽ 2011 ജനുവരിയിൽ ഉദ്ഘാടനം ചെയ്യുന്ന Y.W.E.A പ്രൊജക്ട് കെട്ടിടം



ഓഫീസ് കോംപ്ളക്സിന്റെ ഒന്നാം നിലയുടെ പണികൾ ജൂലൈ 2010ൽ



ഓഫീസ് കോംപ്ളക്സിന്റെ രണ്ടാം നിലയുടെ പണികൾ ഒക്ടോബർ 2010ൽ



ദൈവസഭാ ഓഫീസ് കോംപ്ളക്സിന്റെ ശിലാസ്ഥാപനം 2009 നവംബർ മാസം സ്റ്റേറ്റ് ഓവർസീയർ നിർവ്വഹിക്കുന്നു



മുളക്കുഴ സീയോൻകുന്നിൽ ദൈവസഭാ ഓഫീസ് കോംപ്ളക്സിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

VOL. 31 ISSUE : 1 JANUARY 2011

# SUVISESHANADAM

PUBLISHED BY GOSPEL VOICE PUBLISHERS

## ഉള്ളടക്കം


3 സ്റ്റേറ്റ് ഓവർസിയറുടെ കത്ത്............................ പാസ്റ്റർ എം. കുഞ്ഞപ്പി

7 സുവിശേഷ ഘോഷണ ദൗത്യത്തിൽ......................റവ. ഡോ. റ്റിം ഹിൽ

9 ധാർമ്മികതയുടെ ഒരു ചുരുക്കെഴുത്ത്.............പാസ്റ്റർ പി. ജി. മാത്യൂസ്

10 അന്ന് അങ്ങനെ ഇന്ന് ഇങ്ങനെ..............................പാസ്റ്റർ കെ.എ ഉമ്മൻ

12 അധികാരവും അഭിഷേകവും..................പാസ്റ്റർ വിനോദ് ജെയിക്കബ്

13 നക്ഷത്രം.........................................................പാസ്റ്റർ ജെ. മോനച്ചൻ

14 നാവ് എന്ന തീ..................................കെ.സി. സാമുവേൽ, പുനലൂർ

15 നിങ്ങളുടെ നടപ്പ് ആരുടെ കൂടെ.................ഒ.വി. മാത്യു, വാര്യാപുരം

19 സഭാ വാർത്തകൾ...........................................................................

22 നിത്യതയിൽ.................................................................................


## വിശ്വാസ പ്രമാണം

1.വേദപുസ്തകത്തിന്റെ അക്ഷരപ്രകാരമുള്ള ദൈവനിശ്വാസിയതയിലും 2. പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളിൽ നിത്യനായി സ്ഥിതിചെയ്യുന്ന ഏക ദൈവത്തിലും 3. യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ ഏകജാതനായ പുത്രനും പരിശുദ്ധാത്മാവിനാൽ ഉല്പാദിതനായി കന്യക മറിയാമിൽനിന്നും ജനിച്ചു എന്നുള്ളതിലും, ക്രൂശിൽ തറയ്ക്കപ്പെട്ടു മരിക്കുകയും അടക്കപ്പെടുകയും മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്നതിലും, സ്വർഗ്ഗാരോഹണം ചെയ്ത് ഇപ്പോൾ മദ്ധ്യസ്ഥനായി പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു എന്നുള്ളതിലും; 4. മനുഷ്യരെല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായി തീർന്നു എന്നും, എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം കല്പിക്കുന്നു എന്നും, പാപമോചനത്തിന് അത് ആവശ്യമാകുന്നു എന്നുള്ളതിലും; 5. യേശുക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ നീതീകരണവും വീണ്ടും ജനനവും ഉണ്ടാകുന്നു എന്നുള്ളതിലും; 6. ക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസംമൂലവും ദൈവവചനംമൂലവും പരിശുദ്ധാത്മാവുമൂലം പുതുജനനാനന്തരമുണ്ടാകുന്ന വിശുദ്ധീകരണത്തിലും; 7. വിശുദ്ധി എന്നത് ദൈവജനത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ജീവിത പ്രമാണമാകുന്നു എന്നുള്ളതിലും; 8. ഹൃദയ നിർമ്മലീകരണാനന്തരമുള്ള പരിശുദ്ധാത്മ സ്നാനത്തിലും; 9. പരിശുദ്ധാത്മാവ് ഉച്ചരിക്കുവാൻ നൽകുന്ന പ്രകാരമുള്ള മറുഭാഷാ ഭാഷണത്തിലും, അത് പരിശുദ്ധാത്മ സ്നാനത്തിന്റെ പ്രാരംഭ ലക്ഷണമാണെന്നുള്ളതിലും; 10. ജലത്തിലുള്ള നിമജ്ജന സ്നാനത്തിലും മാനസാന്തരപ്പെടുന്ന എല്ലാവരും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടണമെന്നുള്ളതിലും; 11. യേശുക്രിസ്തുവിന്റെ പാപപരിഹാരബലിയിൽ എല്ലാ മനുഷ്യർക്കും ദൈവിക രോഗശാന്തി നൽകപ്പെട്ടിട്ടുണ്ട് എന്നുള്ളതിലും; 12.കർത്തൃഭോജനത്തിലും വിശുദ്ധന്മാരുടെ പാദശുശ്രൂഷയിലും; 13. മരിച്ചവരെ ഉയിർത്തെഴുന്നേല്പിച്ചും, ജീവനോടിരിക്കുന്നവരെ രൂപാന്തരപ്പെടുത്തിയും, മദ്ധ്യാകാശത്തിലേക്ക് എടുത്തുകൊൾവാനും അനന്തരമായി ആയിരമാണ്ടേക്കു വാഴുവാനുംവേണ്ടി സഹസ്രാബ്ദത്തിന് മുമ്പെ ഭൂമിയിലേക്ക് എഴുന്നെള്ളുവാനുള്ള യേശുക്രിസ്തുവിന്റെ പുനരാഗമനത്തിലും; 14. ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പിലും നീതിമാന്മാർക്കുള്ള നിത്യജീവനിലും ദുഷ്ടന്മാർക്കുള്ള നിത്യശിക്ഷാവിധിയിലും ഞങ്ങൾ വിശ്വസിക്കുന്നു.

## FOREIGN REPRESENTATIVES


**USA**

| | |
|---|---|
| N.Y. | Abraham P. Abraham<br>Ph: 718-343-7462 |
| N.Y. | Koshy M. Varghese<br>Ph: 845-2678-373 |
| N.Y. | Prasad Mathew Ph: 585-467-4190 |
| T.N. | A.V. Daniel Ph: 423-899-3995 |
| N.J. | P. V. Mathew. Ph: 212-684-3450 |
| Chicago: | Pr. Mathai Samkutty<br>Ph: 847-329-7625 |
| Chicago: | Solomon Varghese<br>Ph: 847-816-0644 |
| Dallas: | A.V. Philipose. Ph: 972-289-7847 |
| Dallas: | Thomas George<br>Ph: 972-463-6469<br>Pr. Johnson Zacharia<br>Ph: 972-276-1158 |
| Houston: | Pr. Abraham Thomas<br>Ph: 281-998-9292 |
| Tulsa: | Pr. C. V. Zachariah<br>Ph: 918-357-1293 |
| OK | A. V. Abraham. Ph: 405-789-2773 |

**GULF**

| | |
|---|---|
| Kuwait: | C. Thomas Mathew<br>Ph: 00965-3923698<br>Mathew Daniel<br>Ph: 00965-4318417. M. 9584150<br>Samkutty Samuel<br>Ph: 00965-4805675. M. 9027606 |
| Dubai: | Varghese George<br>Ph: 009714-3370393 |
| Oman: | M. K. Thomas<br>Ph: 050-6730586, 655134 |
| Muscat : | M.P. Monikutty<br>Ph: 00968-99448408 |


## വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഇൻഡ്യയിൽ | 70 രൂപ |
| വിദേശത്തേക്ക് | |
| ഗൾഫ് മേഖല | 1000 രൂപ |
| U.S.A. യും മറ്റ് രാജ്യങ്ങളും | U.S.$ 25 |
| ആയുഷ്ക്കാല വരിസംഖ്യ | |
| ഇൻഡ്യയിൽ | 1000 രൂപ |
| വിദേശത്തേക്ക് | U.S.$ 250 |


***Chief Editor*** **: Evg. P. I. Abraham**
***Publisher*** **: Pr. K. A. Oommen**
***General Co-ordinator*** **: Rev. C.C.Thomas**
***Manager*** **: Bro. T. Yohannan**



ലേഖനങ്ങൾ, വാർത്തകൾ, പുതിയ വരിക്കാരുടെ അഡ്രസ്സ്, അഡ്രസ്സ് മാറ്റം, വരിസംഖ്യ, സംഭാവന എന്നിവ അയയ്ക്കേണ്ട വിലാസം :

**മാനേജർ, സുവിശേഷ നാദം,**
**മുളക്കുഴ പി. ഒ. – 689 505, കേരളാ സ്റ്റേറ്റ്**



**ലേഖനങ്ങളിലെ ആശയങ്ങൾക്കുള്ള ഉത്തരവാദിത്വം ലേഖന കർത്താക്കൾക്കു മാത്രമുള്ളതാണ്.**

# ശുശ്രൂഷകന്മാർ ക്രിസ്തുവിന്റെ പടയാളികൾ!!



**ഒരിക്കൽക്കൂടി** നമ്മുടെ ഔദ്യോഗികനാവായ സുവിശേഷനാദം മാസികയിൽക്കൂടി നിങ്ങളുമായി ബന്ധപ്പെടുവാൻ സർവ്വശക്തൻ നീട്ടിത്തന്ന ആയുസ്സിനും ആരോഗ്യത്തിനുമായി ദൈവത്തെ സ്തുതിക്കുന്നു. നാം പ്രതീക്ഷിക്കാത്ത പലതും സംഭവിച്ച 2010 നമ്മെ കടന്നുപോയി. ഏറെ പ്രതീക്ഷകളോടും പ്രത്യാശയോടും തീരുമാനത്തോടും കൂടി 2011ലേക്ക് പ്രവേശിക്കുവാനും ദൈവം അവസരം ഒരുക്കി. ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ഒരു പുതുവർഷം മാന്യവായനക്കാർക്ക് നേരുന്നു!

കേരളത്തിലെ ദൈവസഭയുടെ ചരിത്രത്തിൽ ആദ്യമായി നടന്ന കർത്തൃശുശ്രൂഷക കുടുംബസംഗമത്തിന്റെ തീം ആയിരുന്നു 'ആത്മീക യുദ്ധത്തിനായി നാം മുന്നോട്ട്' (Forward together for the Spiritual Warfare). ഇതിനെ അടിസ്ഥാനമാക്കി വിവിധ സെഷനുകളിൽ കർത്തൃശുശ്രൂഷകന്മാർക്കായി അനുഗ്രഹിക്കപ്പെട്ട ദൈവഭൃത്യന്മാർ ക്ലാസ്സുകൾ എടുക്കുകയുണ്ടായി. എന്നാൽ അതിൽ ചില ഭാഗങ്ങൾ സുവിശേഷനാദം മാസികയുടെ വായനക്കാരും മനസ്സിലാക്കണമെന്ന് ക്രിസ്തുവിൽ ഞാൻ ആഗ്രഹിക്കുന്നു. ആത്മീക യുദ്ധത്തിനായി നാം മുന്നോട്ട് എന്നതിനെ Forward into spiritual Battle എന്നും പറയാം. Go Forward അഥവാ മുമ്പോട്ട് പോകുക എന്നത് ഒരു സൈനികന്റെ ഭാഷയാണ്. യുദ്ധക്കളത്തിലായിരിക്കുന്ന ഒരു സൈനികന് ശത്രു സൈന്യത്തെ നോക്കി ലഭിക്കുന്ന ആജ്ഞയാണ് മുമ്പോട്ട് പോകുക എന്നത്. വിശുദ്ധ വേദപുസ്തകത്തിൽ യഹോവയായ ദൈവത്തിന്റെ വായിൽനിന്നും ആണ് ഈ വാക്ക് ആദ്യം പുറപ്പെടുന്നത്. മിസ്രയീമ്യ അടിമത്വത്തിൽനിന്നും യിസ്രായേൽ മക്കളെ വിടുവിച്ച് മോശെ യാത്രയാകുമ്പോൾ തടസ്സമായി ചെങ്കടൽ മുമ്പിൽ നില്ക്കുകയാണ്. അത് കടന്നു പോകുവാൻ കഴിയാത്ത വിധത്തിൽ ഏറ്റവും വലിയ ഒരു പ്രതിസന്ധിയിൽ മോശെ ആയിത്തീർന്നു. ഇരുവശവും പർവ്വത നിരകളും പുറകിൽ ലോകത്തിലെ ഏറ്റവും വലിയ സൈനീക ശക്തിയായ ഫറവോന്റെ രഥങ്ങളും അലറി പാഞ്ഞുവരുന്ന സാഹചര്യത്തിൽ മോശെ നിന്ന് കരഞ്ഞു (പുറപ്പാട് 14:5). അവിടെ യഹോവ മോശെയോടു : മോശെ, നീ കരയുന്നതെന്ത്? 'മുമ്പോട്ടുപോക'. സുവിശേഷ പോർക്കളത്തിൽ നിൽക്കുന്ന ഏതൊരു ദൈവഭക്തനും ഈ ശബ്ദം ബലം പകരുന്നതാണ്. ആ കാലഘട്ടത്തിലെ ഏറ്റവും വലിയ സൈനിക സാമ്പത്തിക ശക്തിയായിരുന്നു മിസ്രയേമ്യർ. അതുപോലെ അവരുടെ മാന്ത്രിക ശക്തിയും ശക്തമായിരുന്നു. ഒരു ഒറ്റ മനുഷ്യനായി പോരാടി ജനവുമായി യാത്രതിരിക്കുമ്പോൾ മോശെ കേട്ട ദൈവശബ്ദം എത്ര അന്വർത്ഥമാണ്. ഗോത്രം ഗോത്രമായും കുലംകുലമായും പഴയനിയമത്തിൽ അനേകം യുദ്ധങ്ങൾ നടന്നിട്ടുണ്ട്. ഓരോ യുദ്ധത്തിലും യിസ്രായേലിന്റെ ദൈവത്തെ അംഗീകരിച്ചവർ വിജയം നേടി. നിഷേധിച്ചവരെല്ലാം ചരിത്രത്തിൽനിന്നും അപ്രത്യക്ഷമായി.

നല്ല ഭടൻ എന്ന പദം കാരാഗൃഹലേഖനങ്ങളിലും ഒന്ന്, രണ്ട് തിമോഥിയോസ്, തീത്തോസ് ലേഖനങ്ങളിലും 24 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ശക്തൻ, ഊർജ്ജസ്വലൻ, നീതിമാൻ, സേവന തല്പരൻ, സേവന സന്നദ്ധൻ, ധാർമ്മിക ബോധമുള്ളവൻ ഇങ്ങനെയുള്ള അർത്ഥങ്ങൾ ഭടൻ എന്ന പേരിനുണ്ട്. നല്ല ഇടയനായ യേശു ദുഷ്ടശക്തികൾക്കെതിരായി പ്രവർത്തിച്ച് തന്റെ ആട്ടിൻകൂട്ടത്തെ സംരക്ഷിക്കുന്നു. ഒരു നല്ല ശുശ്രൂഷകൻ യേശുവിനെപ്പോലെ തിന്മ ശക്തികൾക്കെതിരെ പോരാടുന്നവനാകണം. ക്രിസ്തീയ വിശ്വാസവും പ്രമാണവും ചോദ്യം ചെയ്യപ്പെടുമ്പോൾ അർത്ഥവത്തായതും മൂല്യാധിഷ്ഠിതവുമായ ജീവിതം നയിക്കുന്നതിലൂടെയും ദൈവം നല്കിയ സർവ്വായുധം വർഗ്ഗം സജീവമാക്കികൊണ്ടും ദുഷ്ട ശക്തികൾക്കെതിരെ പോരാടി ജയിക്കുന്നവനാണ് ഒരു നല്ല ഇടയൻ, അല്ലെങ്കിൽ ഒരു പടയാളി. തിന്മ ശക്തികളോടും അനീതിയുടെ ഘടനകളോടും ഒരു ക്രിസ്തീയ ശുശ്രൂഷകന് നിരപ്പി ➡

ല്ല, ഭൂമിയിൽ ജീവിച്ചിരിക്കും കാലമത്രയും പോരാട്ടമുണ്ട്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും ഇന്ന് അനീതിയും അഴിമതിയും നിറഞ്ഞു നില്ക്കുന്നു.

പൗലോസ് തിമോഥിയോസിനോടു പറയുന്നു: 'ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടു കൂടെ കഷ്ടം സഹിക്ക' (2തിമൊ.2:3). കഷ്ടത ഒരു നല്ല ഭടന്റെ വരമാണ്. ദൗത്യ നിർവ്വഹണത്തിൽ കഷ്ടത സ്വയമേ പൗലോസ് ഏറ്റെടുക്കുകയായിരുന്നു. ക്രിസ്തുവിന്റെ നല്ല ഭടനായി കഷ്ടത്തിൽ പങ്കുചേരുന്നതിന് പൗലോസ് തിമോഥിയോസിനെ ആഹ്വാനം ചെയ്യുന്നു.

സഭയ്ക്കെതിരെ എല്ലാ കാലഘട്ടത്തിലും ദുരുപദേഷ്ടാക്കന്മാരുണ്ടായിരുന്നു. അവർക്കെതിരെ യുദ്ധം ചെയ്തവരാണ് അപ്പോസ്തലന്മാർ. ഒരു ദൈവപൈതലിന്റെ ആത്മീക യുദ്ധം എന്നു പറയുന്നത് ജഢീകമായ ആയുധങ്ങൾ കൊണ്ടല്ല. ആത്മാവിൻ ആയുധങ്ങളാണ് ദൈവം നമ്മെ ഏല്പിച്ചിരിക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ യുദ്ധക്കളം മനുഷ്യന്റെ മനസ്സാണ്. (1യോഹന്നാൻ 2:16). കണ്മോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവ. കണ്മോഹം ലൈംഗീകതയെയും ജഡമോഹം അത്യാഗ്രഹത്തെയും ജീവനത്തിന്റെ പ്രതാപം അധികാര ദുർമോഹത്തെയും കാണിക്കുന്നു. ദൈവത്തിന്റെ ശുശ്രൂഷാനിരകൾക്കെതിരെ, അഭിഷിക്ത പ്രവാചകന്മാർക്കെതിരെ, കൃപാവരക്കാർക്കെതിരെ എല്ലാ കാലഘട്ടത്തിലും പിശാച് ഉപയോഗിച്ചതും ഈ മൂന്ന് ആയുധങ്ങളാണ്. പോർക്കളത്തിൽ നില്ക്കുന്ന ഒരു കർത്തൃവേലക്കാരെനെതിരെ പിശാച് നിരത്തുന്ന ആയുധങ്ങൾ അനവധിയാണ്. ഇവയ്ക്കെതിരെ യുദ്ധം നടക്കേണ്ടത് നമ്മുടെ ഹൃദയത്തിലാണ്. ഒരു വിശുദ്ധൻ, ഒരു കർത്തൃവേലക്കാരൻ, മനസ്സിനെ സംശുദ്ധമായി സൂക്ഷിക്കുന്നുവെങ്കിൽ അവനു ജയിക്കുവാൻ കഴിയും. അനേകം പക്ഷികൾ നമ്മുടെ തലയുടെ മുകളിൽ കൂടി പറന്നുപോകുന്നു. എന്നാൽ നമ്മുടെ തലയിൽ ഇറങ്ങി ചികഞ്ഞുകൂട്ടി ഒരു കൂട് ഉണ്ടാക്കി മുട്ട ഇട്ട് കുഞ്ഞുങ്ങളെ വിരിക്കുവാൻ ഒരു പക്ഷി ശ്രമിച്ചാൽ ജീവനുള്ള വ്യക്തിയാണ് നാമെങ്കിൽ അതിനെ ആട്ടിയോടിക്കും. ലോകപ്രകാരം ഇത് സത്യമെങ്കിൽ ദുർച്ചിന്ത, വ്യഭിചാരം, കുലപാതകാസക്തി, കാമാസക്തി, മദ്യാസക്തി, മോഹാസക്തി, കോപാസക്തി തുടങ്ങി ജഡസ്വഭാവങ്ങളായ അനേകം മോഹങ്ങളുടെ ഒരു ഇടമാണ് നമ്മുടെ ഹൃദയം. ഈ അരുതായ്മകളുടെ അമ്പുകൾ എല്ലാം ഒരു പക്ഷി കണക്കെ നമ്മുടെ ഹൃദയത്തിൽ കൂടെ പറന്നുപോകുന്നതാണ്. എന്നാൽ ഒരു ക്രിസ്തു ഭക്തനെ സംബന്ധിച്ചിടത്തോളം ഈ മോഹങ്ങൾ ഹൃദയത്തിൽ കൂട് കെട്ടുവാൻ അനുവദിക്കുന്നില്ല. മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. മോഹം എല്ലാവർക്കും ഉണ്ട്. എന്നാൽ ഗർഭധാരണം നടക്കുന്നതിനു മുമ്പ് അതിനെ ആട്ടിയോടിക്കുന്നവനാണ് ഒരു യഥാർത്ഥ ഭക്തൻ. മോഹങ്ങൾക്ക് ഇരിപ്പിടം ഉണ്ടാക്കി അത് ചീർത്ത് വീർത്ത് പൊട്ടിപുറപ്പെടുന്ന ഒന്നാണ് നാം ചെയ്യുന്ന പാപ പ്രവർത്തി. അത് ഒരു ദിവസം കൊണ്ട് സംഭവിക്കുന്നതല്ല. മോഹിക്കപ്പെട്ട ഒന്നിന്റെമേൽ പലവട്ടം ദൃഷ്ടി പതിപ്പിച്ച് ആ മോഹാസക്തി നമ്മിൽ പാപമായി രൂപപ്പെട്ട്, പ്രസവിക്കപ്പെട്ട് പ്രവർത്തിയായി മാറുന്നതാണ് പാപം എന്ന് പറയുന്നത്. ആയതിന് ഒരു ദൈവപൈതലിന്റെ ഹൃദയം പിശാചിന് ഏല്പിച്ചുകൊടുക്കരുത്. നമ്മുടെ ഹൃദയം തന്നെ ഒരു പോർക്കളമാണ്. ജഢീക മനുഷ്യനും ആത്മീക മനുഷ്യനും തമ്മിലുള്ള പോർക്കളം. ആ യുദ്ധത്തിൽ നമ്മിലെ ജഢീകൻ തോല്ക്കണം. നമ്മിലെ ആത്മീകൻ ജയിക്കണം.

മറ്റൊന്ന് ദൈവം ഏല്പിച്ച ദൗത്യനിർവ്വഹണത്തിൽ നേരിടുന്ന പ്രതികൂലങ്ങൾക്കെതിരെ നാം പോരാടണം. ഏല്പിച്ചതും ഏറ്റെടുത്തതും പൂർത്തീകരണത്തിൽ എത്തിക്കുക. ക്രൂശീകരണം പിതാവു പുത്രനു നല്കിയ ഒരു ദൗത്യമാണ്. അത് തന്നിൽ നിറവേറണം എന്നുള്ളത് ദൈവത്തിന്റെ പദ്ധതിയായിരുന്നു. അതിനെതിരെ പിശാച് ക്രിസ്തുവിനോടു പോരാടി. ഉല്പത്തി 3:15ലെ പ്രവചനം നിറവേറിയെ മതിയാകു. അത് നിറവേറാതിരിക്കുവാനുള്ള വലിയ പോരാട്ടമാണ് യേശുവിനെതിരെ പിശാച് നടത്തിയത്. 1. ഉപവാസം കഴിഞ്ഞ് യേശു നേരിടേണ്ടി വന്ന പരീക്ഷണം. ഗോപുരത്തിന്റെ മുകളിൽ നിന്നും താഴേക്ക് എടുത്ത് ചാടുവാൻ പിശാച് ആവശ്യപ്പെടുന്നു. എന്നാൽ നിന്റെ ദൈവമായ യഹോവയെ പരീക്ഷിക്കരുത് എന്ന് പറഞ്ഞ് ക്രിസ്തു അവിടെ ജയിക്കുന്നു. പിശാച് അവിടെ ഉപയോഗിച്ചത് വചനമാണ്. പിശാച് അല്ല പരീക്ഷിക്കുന്നത് എന്ന് തോന്നിക്കത്തക്ക നിലയിലാണ് പിശാച് അന്നും ഇന്നും വചനം ഉപയോഗിച്ച് പോരാടുന്നത്. എന്നാൽ യേശുവിന് വ്യക്തമായി മനസ്സിലായി ഇത് പിശാചിന്റെ തന്ത്രമാണെന്ന്. പിശാചിനെയും അവന്റെ യുദ്ധ തന്ത്രത്തെയും മനസ്സിലാക്കുവാൻ കഴിയുന്നത് ഒരു ദൈവകൃപയാണ്. യേശു അവിടെ ജയിച്ചു.

രണ്ടാമത്തെ പോരാട്ടം നാം കാണുന്നത് ഗദ്സെമനയിൽ വെച്ചാണ്. യേശു അതിവ്യഥയിലായി. വ്യഥ നിമിത്തം തന്റെ ശരീരത്തിന്റെ രക്തധമനി പൊട്ടിപ്പോയി. മെഡിക്കൽ ശാസ്ത്രം അനുസരിച്ച് യേശു അപ്പോൾ മരിക്കേണ്ടതാണ്. ആ സമയത്ത് താൻ നടത്തിയ പ്രാർത്ഥനയുടെ ഒരു മാതൃകയാണ് എബ്രായർ 5:7ൽ നാം കാണുന്നത്. അവിടെയും യേശു ജയിക്കുകയായിരുന്നു. ക്രിസ്തുവിന്റെ മരണം ഒരു ആത്മഹത്യയാക്കുവാൻ ഒന്നാമതും അത് ഒരു ഹൃദയസ്തംഭനം ആക്കുവാൻ രണ്ടാമതും പിശാച് പോരാടിയെങ്കിലും അവന് ജയിക്കുവാൻ കഴിഞ്ഞില്ല. തങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതികൾ നടക്കാതിരിക്കേണ്ടതിന് പിശാച് ഇതുപോലെ അഭിഷിക്ത ശുശ്രൂഷകന്മാർക്കെതിരെ പോരാടും. അതിനെക്കണ്ടറിഞ്ഞ് ജയിക്കുന്നവനാണ് ഒരു ക്രിസ്തു ഭടൻ.

ക്രൂശീകരണ സമയമായപ്പോൾ നേരിടുവാൻ പോകുന്ന കഠിനശോധനയുടെ ചിത്രം ആത്മാവിൽ കണ്ട ക്രിസ്തു വീണ്ടും തന്റെ മാനുഷീക വശത്ത് അസ്വസ്ഥനായി. നമ്മിൽ ഓരോരുത്തർക്കും ദൈവകൃപയും അഭിഷേകവും അധികം ഉണ്ടെങ്കിലും മാനുഷീക വശത്ത് നാമും ഇങ്ങനെ ആകാറുണ്ട്. അതിനെ ജയിക്കുവാൻ യേശു കണ്ട മാർഗ്ഗം ഏകാന്ത പ്രാർത്ഥനയാണ്. ശിഷ്യന്മാരെ വിട്ട് ഒരു അൻപിൻ പാട് ദൂരത്തുപോയി അതിവ്യഥയോടെ പിതാവിനെ നോക്കി പുത്രൻ നിലവിളിച്ചു കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു മാറ്റേണമെ എന്ന്. മറുപടി ലഭിക്കാതെ വന്നപ്പോൾ ഏകാന്തതയുടെ പ്രാർത്ഥനയിൽ പുത്രൻ തന്നെ ഒരു മറുപടി കണ്ടെത്തി. എന്റെ ഹിതമല്ല നിന്റെ ഹിതം തന്നെ നടക്കട്ടെ. പൗലോസും ഇങ്ങനെ മറുപടി കണ്ടെത്തിയ ഭടനാണ്.

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ഇങ്ങനെയുള്ള ശക്തമായ പ്രതിസന്ധികൾ നേരിടേണ്ടി വരുമ്പോൾ, പ്രതീക്ഷിച്ചപോലെ മറുപടി ദൈവത്തിൽ നിന്നും കിട്ടാതെ വരുന്ന സാഹചര്യത്തിൽ നാം മുട്ടിന്മേൽ ഇരിക്കുന്നുവെങ്കിൽ ശത്രുക്കളെ ലജ്ജിപ്പിക്കും വിധത്തിൽ യേശു നമുക്ക് മറുപടി തരുവാൻ വിശ്വസ്തനാണ്. അവിടെയാണ് യേശു ഒരു തീരുമാനത്തിൽ എത്തുന്നത്. എന്റെ ഹിതമല്ല. പിതാവേ, നിന്റെ ഹിതം നടക്കട്ടെ. സത്യോപദേശത്തിനെതിരെയുള്ള കടന്നാക്രമണം ഒരു വിശ്വസ്ത ഭടന് നോക്കി നില്ക്കുവാൻ സാദ്ധ്യമല്ല. എന്തു വിലകൊടുത്തും ത്യാഗം സഹിച്ചും അവൻ അതിനെ നേരിട്ടേ മതിയാകൂ. അവിടെ ജഡപ്രകാരമുള്ള ബന്ധങ്ങൾ പോലും അപ്രസക്തമാണ്. ഒരു മലഞ്ചരുവിൽ ഗോല്യാത്ത് അപ്പുറത്തെ മലഞ്ചരുവിൽ ദാവീദ്. ഇടയ്ക്ക് ഒരു സമതലം ഉണ്ട്. അത് ഒത്തുതീർപ്പിന്റെ സമതലമല്ല. സന്ധി സംഭാഷണത്തിന്റെ സമതലമല്ല. ക്ഷമ ചോദിച്ചു നിരക്കുന്ന സമതലമല്ല. താക്കീത് കൊടുത്തു വിടുന്ന സമതലവുമല്ല. അത് ഒരു പോർക്കളം തന്നെയാണ്. ഇവിടെ ഒന്നുകിൽ ഗോല്യാത്ത് ജയിക്കണം. അല്ലെങ്കിൽ ദാവീദ് ജയിക്കണം. ഇവിടെയും ജയിച്ചത് ദാവീദാണ്. ഞാൻ എന്നെത്തന്നെ സൂക്ഷിച്ചാൽ മതി. ഞാനായിട്ട് ഒന്നും എതിർക്കുന്നില്ല. അവർ എന്തെങ്കിലും പറയട്ടെ, പ്രസംഗിക്കട്ടെ. എല്ലാവരും എനിക്ക് മിത്രങ്ങളാണ്. ഇത് ഒരു നല്ല ഭടന്റെ ലക്ഷണമല്ല. ഒരു ഭടന്റെ ജന്മ രാജ്യം ശത്രു സൈന്യം ആക്രമിക്കുമ്പോൾ തീഷ്ണതയുള്ള ഒരു ഭടൻ തന്റെ മാതാപിതാക്കളെയോ ഭാര്യയെയോ മക്കളെയോ അല്പസമയത്തേക്ക് ഓർക്കുന്നില്ല. ദൈവരാജ്യത്തെ, സ്വർഗ്ഗീയ കാഴ്ചപ്പാടിനെ, അവിടെയെത്തുവാൻ ഏല്പിച്ചു തന്ന സത്യ വചനത്തെ, ആ ഉപദേശത്തിൽ ആരെങ്കിലും മായം ചേർത്താൽ അത് ക്രിസ്തുവിന്റെ സഭയാം ശരീരത്തിനെതിരെയുള്ള ആത്മീക യുദ്ധമാണ്. ഒരു പടയാളി തന്റെ രാജ്യത്തോടു എന്തുമാത്രം കൂറും തീഷ്ണതയും വിശ്വസ്തതയും കാണിക്കുമോ അതിലും അധികം കൂറും വിശ്വസ്തതയും ദൈവസഭയിലെ ഒരു പടയാളിക്കുണ്ടായിരിക്കണം. സ്വർഗ്ഗ രാജ്യത്തിൽ എത്തുവാൻ നമുക്ക് ലഭിച്ച കാഴ്ചപ്പാടിനെ, സത്യ വചനത്തെ, ഉപദേശത്തെ ഇല്ലായ്മ ചെയ്യുവാൻ ഏതൊരുവനിൽ കൂടെ പിശാച് പോരാടിയാലും ഒരു അഭിഷിക്ത പടയാളി അതിനെതിരെ എഴുന്നേല്ക്കുന്നവനാണ്. അവനാണ് യഥാർത്ഥ ഭടൻ. സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുന്ന ഒരു അഭിഷിക്തനെ സംബന്ധിച്ചിടത്തോളം സത്യ ഉപദേശങ്ങൾക്കെതിരെ ആര് പടവാൾ ഓങ്ങിയാലും ക്ഷമിക്കുവാൻ സാദ്ധ്യമല്ല. ജഡീകമല്ലാത്ത തന്റെ ആയുധങ്ങൾ കോട്ടകളെ ഇടിപ്പാൻ ശക്തമാണ്. അഭിഷേകത്തിന്റെ ശക്തിയോടെ ഒരു ഭടൻ അതിനെതിരെ പോരാടിയേ മതിയാകയുള്ളൂ. പൗലോസ് ഉൾപ്പെടെ അനേകർ തങ്ങളുടെ ശരീരത്തിൽ ചങ്ങല ധരിച്ചിട്ടുണ്ട്. അവരുടെ ജഡശരീരത്തിനെതിരെ പോരാട്ടങ്ങൾ ശക്തമായിരുന്നു. അപ്പോഴും സത്യ സുവിശേഷത്തിനു ബന്ധനമില്ലായിരുന്നു. (ഫിലിപ്യർ 1:12-14). ആദിമ സഭയ്ക്ക് ശക്തമായ കഷ്ടതകൾ ഉണ്ടായിരുന്നു. പക്ഷേ ഒളിച്ചോടുവാൻ ആരും തയ്യാറായില്ല. 1972 വരെ ശേഖരിച്ച കണക്കിൽ ആറുകോടിയിലധികം രക്തസാക്ഷികളെ സൃഷ്ടിച്ച മാർഗ്ഗമാണ് ക്രിസ്തുവിന്റെ മാർഗ്ഗം. ഇവരെല്ലാം ജഡീകമല്ലാത്ത ആയുധങ്ങളാൽ പൈശാചിക

ശക്തിക്കെതിരെ പോരാടിയിട്ടുള്ളവരാണ്. അവസാനത്തെ ജയം അഭിഷിക്ത ദൈവമക്കൾക്ക് ഉള്ളതാണ്. പൗലോസിന്റെ ജീവിതത്തിലെ കഷ്ടത തന്നെ തളർത്തതക്ക നിലയിലായിരുന്നു. എന്നാൽ അത് സഹിപ്പാനുള്ള ദൈവകൃപ കർത്താവ് നല്കി.

ഈ അവസരത്തിൽ മാന്യ വായനക്കാരോട് എനിക്ക് ഓർപ്പിപ്പാനുള്ളത് കഷ്ടതകൾ വർദ്ധിക്കട്ടെ. പോരുകൾ ഏറട്ടെ, ആഭിചാര, ക്ഷുദ്ര, മന്ത്ര, നേർച്ച പോരുകൾ ശക്തമാകട്ടെ. ഇതിനൊന്നിനും ഒരു അഭിഷിക്ത ദൈവദാസനെ ജയിക്കുവാൻ കഴിയുകയില്ല. നാം ഒരു പോർക്കളത്തിലാണെന്ന് ഏവരും ഓർക്കുക. നമ്മുടെ മുമ്പിൽ ഒരു ശത്രു നിരയുണ്ട്. അതിനെ നാം പോരാടി ജയിച്ചേ മതിയാകൂ. അതിനുള്ള ദൈവകൃപ ദൈവത്തോടു ചോദിച്ചു വാങ്ങണം. ഏല്പിച്ച ദൗത്യ നിർവ്വഹണത്തിനെതിരെ എന്തെല്ലാം ശക്തികൾ ആഞ്ഞടിച്ചാലും പുറകോട്ട് നോക്കരുത്. സ്തംഭിച്ചു നില്ക്കരുത്. മോശെയോടു യഹോവ പറഞ്ഞ ആ പദം ഉരുവിട്ട് ഞാൻ അവസാനിപ്പിക്കട്ടെ. മോശെ നീ കരയുന്നതെന്ത്? മുമ്പോട്ടു പോക. നെഹമ്യാവ് പറഞ്ഞു തന്റെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റ് പണിയും. സൻബല്ലത്തും തോബിയാവും നമുക്ക് എതിരെയുണ്ട്. ദൗത്യനിർവ്വഹണത്തിൽ ഏർപ്പെടുന്ന ഏവരും ഓർത്ത് കൊൾക ശത്രുനിര ശക്തമാണ്. എന്നാൽ സൈന്യാധിപനായ സർവ്വശക്തൻ നമ്മോടുകൂടെയുണ്ട്. മോശെ നീ കരയുന്നതെന്ത്? മുമ്പോട്ടു പോക. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

**പാസ്റ്റർ എം. കുഞ്ഞപ്പി,**
സ്റ്റേറ്റ് ഓവർസീയർ

## ചർച്ച് ഓഫ് ഗോഡ് 88–ാമത് ജനറൽ കൺവൻഷൻ

## 2011 ജനുവരി 17 – 23 വരെ

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് 88–ാമത് ജനറൽ കൺവൻഷൻ 2011 ജനുവരി 17 –23 വരെ തിരുവല്ലയിലുള്ള സഭാ സ്റ്റേഡിയത്തിൽ നടക്കും. 17–ാം തീയതി വൈകിട്ട് 6 ന് ആരംഭിക്കുന്ന ഉദ്ഘാടന സമ്മേളനത്തിന് അസിസ്റ്റന്റ് ഓവർസീയർ പാസ്റ്റർ പി. ജി. മാത്യൂസ് അദ്ധ്യക്ഷത വഹിക്കും. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. 'കൊയ്ത്തിനായി നാം മുമ്പോട്ട്' (Forward together for the Harvest) എന്നതാണ് കൺവൻഷൻ തീം. ദൈവസഭയുടെ അന്തർദ്ദേശീയ നേതാക്കന്മാരായ വേൾഡ് മിഷൻ ഡയറക്ടർ റവ. ഡഗ്ലസ് ലീറോയി, ഫീൽഡ് ഡയറക്ടർ റവ. കെൻ ആൻഡേഴ്സൺ എന്നിവരും പാസ്റ്റർമാരായ കെ.സി. ജോൺ, പി.എ.വി.സാം, പി.ആർ.ബേബി, കെ.ഒ. മാത്യു, സുവി. പി.ഐ. ഏബ്രഹാം, ഷാജി കെ. ഡാനിയേൽ, ജോസഫ് സാമുവേൽ, റ്റി. തോമസ്, സി.വി. ആൻഡ്രൂസ്, ജോൺ തോമസ്, ജോൺസൺ സഖറിയ, എ.എം വർഗ്ഗീസ്, സുശീൽ മാത്യു, ബാബു ചെറിയാൻ തുടങ്ങിയവരും ദൈവസഭയുടെ കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ചുമതല വഹിക്കുന്നവരും പ്രസിദ്ധ ഗാനരചയിതാവും സുവിശേഷകനുമായ മോഹൻ കാഞ്ഞിരമണ്ണിൽ, തുടങ്ങിയവർ പ്രസംഗിക്കുകയും ശുശ്രൂഷകളിൽ സഹകരിക്കുകയും ചെയ്യും. സെലിബ്രേറ്റ് സിംഗേഴ്സും, ക്രൈസ്റ്റ് സിംഗേഴ്സും ബിഗ്മൂവ് ക്വയറും ഗാനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കും. 17–ാം തീയതി ഉച്ചയ്ക്ക് മൂന്നു മണിക്ക് സഭയുടെ ജനറൽ ബോഡി മീറ്റിംങ്ങും നടക്കും. സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളും സ്റ്റേറ്റ് ബോർഡും പ്ലാനിംഗ് ബോർഡും പാസ്റ്റേഴ്സും സ്റ്റേറ്റ് ബിലീവേഴ്സ് ബോഡിയും സഭാ പ്രതിനിധികളും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് സ്റ്റേറ്റ് ഓവർസിയർ അറിയിക്കുന്നു. സഭയുടെ കഴിഞ്ഞ ഒരു വർഷത്തെ കണക്കുകൾ പ്രസ്തുത യോഗത്തിൽ അവതരിപ്പിക്കും. എല്ലാ വർഷത്തേക്കാളും വിപുലമായ ക്രമീകരണങ്ങളാണ് ഈ വർഷം നടക്കുന്നത്. സ്ഥിരമായ സ്റ്റേജ് സംവിധാനവും മറ്റും ക്രമീകരിച്ചുകഴിഞ്ഞു. 22ന് രാവിലെ 8.30ന് മുളക്കുഴ മൗണ്ട് സയോനിൽ പണികഴിപ്പിച്ച വൈ.ഡബ്ല്യൂ. ഇ.എ പ്രൊജക്ട് ബിൽഡിംഗിന്റെ ഉദ്ഘാടനം സഭയുടെ വേൾഡ് മിഷൻ ഡയറക്ടർ റവ. ഡഗ്ളസ് ലീറോയി നിർവ്വിക്കും. കൺവൻഷന്റെ ഓരോ ദിവസത്തേയും പ്രസംഗ സി.ഡി കൺവൻഷൻ ഗ്രൗണ്ടിൽ ലഭ്യമാകും. ഓരോ ദിവസവും പതിനായിരത്തിൽ അധികം ജനത്തെയാണ് സഭാനേതൃത്വം പ്രതീക്ഷിക്കുന്നത്. എല്ലാ സ്ഥലങ്ങളിലേക്കും വാഹനക്രമീകരണങ്ങൾ ഉണ്ട്. കൺവൻഷൻ ഗ്രൗണ്ടിന് സമീപം കെ.എസ്.ആർ.ടി.സി സ്പെഷ്യൽ ബസ് സ്റ്റോപ്പ് ക്രമീകരിച്ചിട്ടുണ്ട്.

★

# സുവിശേഷ ഘോഷണ ദൗത്യത്തിൽ മുന്നോട്ട്!

*(2010 ജൂലൈ 29 വ്യാഴാഴ്ച ദൈവസഭയുടെ 73-ാമത് അന്തർദേശീയ ജനറൽ അസംബ്ലിയിൽ Rev. Dr. Tim M. Hill, First Assistant General Overseer നടത്തിയ പ്രസംഗത്തിന്റെ പരിഭാഷ - അവസാനഭാഗം)*

യേശുവും യായിറോസും പോകുന്ന വഴിത്താരയിൽ തന്നെയാണ് ഒരിക്കലും ഫലവത്താകുവാൻ സാധിക്കാത്ത ഒരു ശരീരത്തിന്റെ ഉടമയായ ആ സ്ത്രീ നിന്നിരുന്നത്. പന്ത്രണ്ട് വർഷമായി അവൾ ഈ രോഗവും വഹിച്ചുകൊണ്ട് നടക്കുകയാണ്. യായീറോസിന്റെ മകൾ ജീവിച്ച പന്ത്രണ്ടു വർഷമത്രയും ആ സ്ത്രീ രോഗിണിയായിരുന്നു. എന്നാൽ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലെങ്കിലും തൊട്ടാൽ തനിക്കു പൂർണ്ണസൗഖ്യം ലഭിക്കുമെന്നുള്ള വിശ്വാസത്തോടെ യേശുവിനെ കാത്ത് അവൾ നിന്നു. ആ പുരുഷാരത്തിന്റെ നടുവിൽ നിൽക്കുവാൻ മതപരമായ നിയമത്തിന്റെ മുമ്പിൽ അവൾ അയോഗ്യയായിരുന്നു. കാരണം അവൾ ആരെയെങ്കിലും സ്പർശിച്ചാൽ അത് മനുഷ്യനോ, വസ്തുവോ ആയാലും അശുദ്ധമാകുമായിരുന്നു. അതിനാലാണ് അവൾ യേശുവിന്റെ വസ്ത്രത്തിന്റെ തുമ്പിൽ മാത്രം തൊടുവാൻ ബദ്ധപ്പെട്ടത്. അങ്ങനെ തൊട്ട മാത്രയിൽ യേശു നിന്നു തന്നെ തൊട്ടത് ആർ എന്നു ചോദിച്ചു. തന്റെ മകളുടെ സൗഖ്യം പോലെ അടിയന്തര വിഷയം മറ്റൊന്നില്ലാതിരിക്കെ ഈ കാര്യം പറഞ്ഞു യേശു സമയം നഷ്ടപ്പെടുത്തുന്നതെന്തു കൊണ്ടാണെന്ന് യായീറോസ് ചിന്തിച്ചു കാണണം. ഞാൻ ഈ വചനം ധ്യാനിച്ചപ്പോൾ ഒരു കാര്യം എനിക്കു മനസ്സിലായി. യേശു അവിടെ നിന്നതും ആ പ്രായമുള്ള സ്ത്രീയുടെ കാര്യത്തിൽ ഇടപെട്ടതിന്റെയും പിന്നിൽ ഒരു കാരണമുണ്ടായിരുന്നു. അത് മറ്റൊന്നുമല്ല, പിൽക്കാലത്ത് വിശുദ്ധ പൗലോസ് തീത്തോസിന്റെ ലേഖനം രണ്ടാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ മൂത്തവർ ഇളയവരെ പഠിപ്പിക്കേണം എന്നുള്ളതുകൊണ്ടാണ്. ഞാൻ വിശ്വസിക്കുന്നു ബലഹീനയായ ആ സ്ത്രീയെ അവഗണിച്ച് ആദ്യം ആ ബാലികയെ ഉയർപ്പിക്കുവാൻ പോകുന്നത് താത്വികമായി ശരിയല്ല എന്ന് യേശു കരുതി. കാരണം ആ രോഗിണിയായ സ്ത്രീ എപ്പോഴെങ്കിലും ബാലികയുടെ അദ്ധ്യാപികയായി തീർന്നാൽ അവളും അതേ പ്രശ്നത്താൽ ബാധിക്കപ്പെടുവാനിടയാകും. പുതിയ തലമുറയുമായി പഴയ തലമുറ ഇടപെടുമ്പോൾ അവരുടെ ബലഹീനതയാൽ പുതിയ തലമുറ ബാധിക്കപ്പെടാതിരിക്കണമെങ്കിൽ ഇന്നത്തെ ബലഹീന തലമുറയോടാണ് ആദ്യം ഇടപെടേണ്ടത് എന്ന് യേശു കർത്താവ് അറിഞ്ഞു. അതുകൊണ്ട് യേശു ആദ്യം ആ സ്ത്രീയെ സൗഖ്യപ്പെടുത്തിയ ശേഷമാണ് യായീറോസിന്റെ വീട്ടിലേക്ക് പോയത്. ഞാൻ നിങ്ങളോടു പറയട്ടെ ഇന്നത്തെ തലമുറയുടെ വൈകല്യങ്ങളിൽനിന്നും അവരെ സൗഖ്യമാക്കുവാൻ യേശു ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ പുതിയ തലമുറ പഴയ തലമുറയുടെ ബലഹീനതകളാലും പ്രശ്നങ്ങളാലും ബാധിക്കപ്പെടാതെ വിശ്വാസത്തിൽ ആരോഗ്യമുള്ളവരും യഥാർത്ഥ ഉണർവ്വിന്റെ പങ്കാളികളുമായി തീരണം.



Rev. Dr. Tim M. Hill

നമുക്ക് പ്രശ്നങ്ങൾ ഉണ്ടായിരുന്നു. നമുക്കു ബലഹീനതകൾ ഉണ്ടായിരുന്നു. ഞാൻ ഒരു യാഥാസ്ഥിതിക കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ടു. അങ്ങനെയുള്ള ഒരു സഭയിലെ അംഗവുമായിരുന്നു. അന്നത്തെ യാഥാസ്ഥിതിക ചിന്താഗതികൾ പലതും വിചിത്രമായിരുന്നു. എന്നാൽ ഇന്ന് അതിനെല്ലാം വ്യത്യാസം സംഭവിച്ചിരിക്കുന്നു. ഞാൻ പറയട്ടെ അശുദ്ധിയിൽ നിന്നുള്ള വിടുതൽ ആണ് ഇന്നു നമുക്ക് അത്യന്താപേക്ഷിതമായിരിക്കുന്നത്. ലോകത്തിന്റെ കാര്യമല്ല, ഞാൻ സഭയെക്കുറിച്ചാണ് പറയുന്നത്. ദൈവത്തോടകൂടെയും അതേസമയം തന്നെ സാത്താന്റെ കൂടെയും യാത്ര ചെയ്‌വാൻ നമുക്കു സാദ്ധ്യമല്ല. കർത്താവിനു പ്രസാദകരമായ ഒരു ജീവിതം നയിക്കുവാനത്രേ നാം പരിശ്രമിക്കേണ്ടത്. സാമൂഹിക ഉത്തരവാദിത്വം ഏറ്റെ ➡

ടുക്കാൻ നാം തയ്യാറാകണം. സുവിശേഷ പ്രഘോഷണം ആലയത്തിലെ പ്രസംഗപീഠത്തിൽ മാത്രം ഒതുക്കി നിർത്തരുത്. ആശുപത്രികൾ, ജയിലുകൾ, സാധുക്കൾ പാർക്കുന്ന ചേരിപ്രദേശങ്ങൾ ഇവിടങ്ങളിലെല്ലാം ഈ അന്ത്യനാളുകളിൽ സുവിശേഷഘോഷണം സാദ്ധ്യമാണ്. നിങ്ങളുടെ വിളക്കു ലോകജനതയുടെ മുമ്പിൽ പ്രകാശിക്കട്ടെ. മലമേൽ ഇരിക്കുന്ന പട്ടണം പോലെ ദൈവമക്കൾ ആയിരിക്കണം. മദ്യപാനിയോടു നിനക്കു പ്രത്യാശയ്ക്കു വകയുണ്ടെന്നു പറയുവാൻ, തടവുകാരനോട് നിനക്ക് ആശയ്ക്ക് വകയുണ്ടെന്ന് പറയുവാൻ നമുക്കു കഴിയണം. യേശുകർത്താവ് സകല മാനവജാതിയുടെയും പാപത്തിന്റെ പരിഹാരത്തിനായി കാൽവറിയിൽ മരിച്ചു എന്നു വർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ എല്ലാവരോടും പ്രഘോഷിക്കുവാൻ നമുക്കു സാധിക്കേണം.

ഉപദേശപരമായ വിഷയങ്ങളിൽ നാം ജാഗരൂകരായിരിക്കണം. യേശുവിന്റെ കന്യകാ ജനനത്തെ നിഷേധിക്കുകയും അവന്റെ രക്തത്തിനു പാപപരിഹാര ശക്തിയില്ലെന്നു പറയുകയും അവന്റെ മടങ്ങിവരവിനെക്കുറിച്ചു പരിഹസിക്കുകയും ചെയ്യുന്ന, പരിശുദ്ധാത്മനിറവിനെയും കൃപാവരങ്ങളെയും തള്ളിപ്പറയുന്ന, ഉപദേശസംഹിതകൾ ലോകത്തിൽ ഉയർന്നു വരുമ്പോൾ, ഞാൻ പറയുന്നു, ഞാൻ ദൈവവചനത്തിൽ പൂർണ്ണമായി വിശ്വസിക്കുന്നു. യേശു കന്യകയിൽ ഭൂജാതനായി, അവൻ ദൈവപുത്രനാണെന്നും അവന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നതാണെന്നും യേശുകർത്താവ് വീണ്ടും വരുമെന്നും ഞാൻ വിശ്വസിക്കുന്നു.

34000 അടി ഉയരത്തിൽ ഒരു വിമാനത്തിൽ ഞാൻ യാത്ര ചെയ്തുകൊണ്ടിരിക്കുമ്പോൾ എന്റെ മടിയിൽ വച്ചുകൊണ്ട് ഞാൻ തിരുവചനം തുറന്നു. ഉല്പത്തി പുസ്തകം 2-ാം അദ്ധ്യായം ഞാൻ ധ്യാനിച്ചു കൊണ്ടിരിക്കുമ്പോൾ എന്റെ ചിന്ത ആ വാക്യങ്ങളിൽ ഏകാഗ്രമായിരുന്നു. ഉല്പ. 2:5 ൽ ഇങ്ങനെ വായിക്കുന്നു; "യഹോവയായ ദൈവം ഭൂമിയിൽ മഴ പെയ്യിച്ചിരുന്നില്ല; നിലത്തുവേല ചെയ്‌വാൻ മനുഷ്യനും ഉണ്ടായിരുന്നില്ല". അതുകൊണ്ട് നിലം നനയുവാൻ തക്കവണ്ണം ദൈവം ഭൂമിയിൽ നിന്നു മഞ്ഞുപൊങ്ങുവാൻ ഇടയാക്കി. എന്നാൽ അത് ഒരു താത്ക്കാലിക സംവിധാനമെന്നല്ലാതെ ഒരിക്കലും പൂർണ്ണമായ ദൈവീക പദ്ധതി ആയിരുന്നില്ല. അതിനാൽ ദൈവം പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു. അനന്തരം ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി. വളരെ ഉയരത്തിൽ പറന്നുകൊണ്ടിരുന്ന ആ വിമാനത്തിൽ വെച്ച് ദൈവം എന്നോട് സംസാരിച്ചു. വാസ്തവത്തിൽ ദൈവം തന്റെ സഭയ്ക്ക് ഒരു നദി നല്കുവാനാഗ്രഹിക്കുമ്പോൾ സഭയാകട്ടെ മഞ്ഞുകൊണ്ട് തൃപ്തിപ്പെട്ടിരിക്കുന്നു. വളരെ ചിന്തനീയമായ ഒരു കാര്യം എനിക്കു വെളിപ്പെട്ടു. ഞാൻ ദൈവമുമ്പാകെ സമർപ്പിച്ചുകൊണ്ട് പറഞ്ഞു: "ദൈവമേ, മഞ്ഞുകൊണ്ടുള്ള നനവിൽ സംതൃപ്തിയടഞ്ഞവനായി എത്രയോ യോഗങ്ങളിൽ നിന്നു ഞാൻ മടങ്ങിയിട്ടുണ്ട്. ദൈവതേജസ്സിന്റെ പൂർണ്ണ അനുഭവം എന്നു അന്നു ഞാൻ കരുതിയത് വെറും മഞ്ഞുമാത്രമായിരുന്നു എന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. ആ രാത്രിയിൽ ഞാൻ ദൈവത്തോട് അപേക്ഷിച്ചു "ദൈവമേ എന്നെ മെനയേണമേ, എന്നിൽ നിന്റെ ജീവശ്വാസം ഊതേണമേ, നീ ആഗ്രഹിക്കുന്ന ഇടത്ത് എന്നെ ആക്കേണമേ" ദൈവം മനുഷ്യനെ നിർമ്മിച്ച് അവനിൽ ജീവശ്വാസം പകർന്ന് അവൻ ആയിരിക്കേണ്ട സ്ഥാനത്ത് ആക്കി കഴിഞ്ഞപ്പോൾ പിന്നീട് നാം തിരുവചനത്തിൽ കാണുന്നത് മഞ്ഞുകൊണ്ടു നനയുന്ന ഭൂമിയല്ല. തോട്ടം നനപ്പാൻ ഒരു നദി ഏദനിൽ നിന്നു പുറപ്പെട്ടു. അതു അവിടെ നിന്നു നാലു ശാഖയായി പിരിഞ്ഞു പോകത്തക്കവണ്ണം ആ നദി അത്രയ്ക്കു ശക്തമായിരുന്നു.

യേശു പറഞ്ഞു; എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും. ആ നദി ചെന്നു ചേരുന്നിടത്തൊക്കെയും ചലിക്കുന്ന സകല പ്രാണികളും ജീവിച്ചിരിക്കും കർത്താവു നല്കിയ മഹാ നിയോഗം നിവർത്തിക്കേണ്ടതിനായി ദൈവസഭയ്ക്ക് ഒരു നദി നല്കുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ആ നദി നിങ്ങളുടെ ജീവിതത്തിലേക്ക് ഒഴുകി വരുന്നതിനായി നിങ്ങളുടെ ഹൃദയങ്ങളെ ഒരുക്കുക. മഞ്ഞിനപ്പുറം നദി ഒഴുകുന്ന ഒരു ആത്മീക ഉണർവ്വ് ഈ രാത്രി ദൈവം നമുക്ക് നൽകി തരട്ടെ.

*(പരിഭാഷ: പാസ്റ്റർ കെ. എ. ഉമ്മൻ)*

# ധാർമ്മികതയുടെ ഒരു ചുരുക്കെഴുത്ത്!

**പാസ്റ്റർ പി.ജി. മാത്യൂസ്** *(അസി: സ്റ്റേറ്റ് ഓവർസിയർ)*

ഏകദേശം എ.ഡി. 36ൽ മാനസാന്തര അനുഭവം ഉണ്ടായ പൗലോസ് എ.ഡി. 51ൽ ആണ് ആദ്യ ലേഖനം എഴുതിയത് എന്നു കരുതുന്നു. നീണ്ട പതിനഞ്ചു വർഷത്തെ ആത്മീക അനുഭവത്തിനു ശേഷം ആദ്യലേഖനം എഴുതി എന്നു ചിന്തിക്കുന്നതിനു തെറ്റില്ല. ജീവിതത്തിന്റെ 'റിട്ടയേർഡ്' സമയങ്ങളിൽ ചിന്തകളിലും, പഠനത്തിനും, എഴുത്തുകളിലും ഏർപ്പെട്ടിരിക്കുന്നവരെ കാണാറുണ്ട്.

മതപരമായ ആശയങ്ങൾ ലേഖന രൂപത്തിൽ സംഭാവന ചെയ്തവരുടെ കൂട്ടത്തിൽ പൗൽ മുമ്പന്തിയിൽ കാണുന്നു. കേവലം മതപരമായ കാര്യങ്ങൾ എന്ന് തള്ളിക്കളയുവാൻ അവകാശം ആർക്കും ഇല്ല. പൗലോസിന്റെ എഴുത്തുകളെല്ലാം ദൈവശ്വാസീയമായ തിരുവെഴുത്തുകളാകുന്നു. റോമിലെ തണുത്ത തടവറയിൽ കിടന്നുകൊണ്ട് എഴുതിയ നാല് ലേഖനങ്ങൾ ആണ് എഫെസ്യർ, ഫിലിപ്പിയർ, കൊലോസ്യർ, ഫിലെമോൻ എന്നിവ. കാരാഗ്രഹലേഖനങ്ങൾ എഴുതുന്ന കാലത്ത് താൻ ഒരു വയസ്സനായിരുന്നു. ഒരു അദ്ധ്യായം മാത്രമുള്ളതും എ.ഡി. 62ൽ എഴുതിയതുമായ ഫിലെമോന്റെ ലേഖനത്തിൽ അതിന്റെ സൂചന കാണുന്നു (വാ. 19). പ്രായത്തിലും ശരീരത്തിലും താൻ വയസ്സനാണെങ്കിലും അകത്തെ മനുഷ്യനെ സംബന്ധിച്ച് തന്റെ യൗവ്വനം കഴുകനെപ്പോലെ പുതുകി വന്നിരുന്നു. പൗലോസ് മുഖാന്തിരം ക്രിസ്തുവിനെ കൈക്കൊണ്ട് ക്രിസ്ത്യാനിയായി തീർന്ന ഫിലമോൻ ഒരു ധനവാനായിരുന്നു. ഇദ്ദേഹം കൊലോസ്യ പട്ടണത്തിൽ താമസിച്ചിരുന്നു. ഫിലമോന്റെ വീട്ടിൽ ഒരു സഭാ കൂടിവരവും ഉണ്ടായിരുന്നു (വാ. 2). ഫിലമോന്റെ പല അടിമകളിൽ ഒരാളായ ഒനേസിമോസ് ഏതോ അപഹരണം നടത്തുകയും ഫിലമോനെ വിട്ട് ഓടിപ്പോകയും ചെയ്തിരുന്നു. റോമിൽ പൗലോസിന്റെ അടുക്കൽ ചെന്നെത്തി അവിടെ വച്ച് സുവിശേഷം കേട്ട് മാനസാന്തരപ്പെട്ടു. ജീവിതത്തിൽ വലിയ രൂപാന്തരം ഉണ്ടായ ഒനേസിമോസ് പൗലോസിനെ ശുശ്രൂഷിക്കുന്നതിലും മറ്റും ഉത്സാഹിയായിരുന്നു (വാ. 11-13). "ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മയ്ക്കായ് കൂടി വ്യാപരിക്കുന്നു" എന്നുള്ള വചനം ഇവിടെ നിറവേറി. ഒനേസിമോസിനെ അവന്റെ ഭൗമീക യജമാനനായ ഫിലമോന്റെ അടുക്കലേക്ക് തിരികെ അയയ്ക്കേണ്ടത് ഒരു ആവശ്യമായും ചുമതലയായും പൗലോസിനു ബോധ്യപ്പെട്ടു. അതുകൊണ്ട് സ്നേഹ നിർഭരമായ ഒരു എഴുത്തെഴുതി അതും ഏൽപ്പിച്ച് പൗലോസ് ഒനേസിമോസിനെ കൊലോസ്യയിൽ ഫിലമോന്റെ അടുക്കലേക്ക് അയച്ചു. ഈ ലേഖനത്തിന്റെ വരികളിൽ അപ്പോസ്തലന്റെ ഹൃദയത്തിൽ ഉണ്ടായിരുന്ന വരകൾ വായിച്ചറിയാം. വളരെ കാര്യപ്രസക്തമായ വിഷയങ്ങൾ മാത്രം ഏതാനും വാക്കുകളിൽ പൗലോസ് ഒരു "പോസ്റ്റ് കാർഡി"ൽ കുറിച്ച് അയച്ചു.



ഫിലമോൻ വിശ്വാസികളെ സ്നേഹിക്കുന്നവനും ശുശ്രൂഷിക്കുന്നവനുമായി തീർന്നിരിക്കുന്നതിനാൽ സന്തോഷിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നു. വിശ്വാസികൾ അപലപിക്കുകയും ആശംസിക്കുകയും പ്രശംസിക്കുകയും ചെയ്യാറുണ്ട്. അവൻ വിശുദ്ധന്മാരുടെ ഹൃദയം തണുപ്പിക്കുന്നവനാണ്. അവരുടെ വീട്ടിലെ സഭ പ്രാർത്ഥനയ്ക്കും കൂട്ടായ്മയ്ക്കും കൂടി വന്നിരുന്നു. കുടുംബജീവിതത്തിന് മറ്റെല്ലാവർക്കും ഈ കുടുംബം മാതൃകയാണ്. ഫിലെമോന്റെ ഭാര്യയായ അപ്പിയയെക്കുറിച്ചും എടുത്തു രേഖപ്പെടുത്തിയിട്ടുണ്ട്. സഹശുശ്രൂഷകനായ അർക്കിപ്പൊസ് ഒരുപക്ഷെ ഫിലെമോന്റെ മകൻ ആയിരിക്കാം എന്ന് ചിലർ ചിന്തിക്കുന്നു. അങ്ങനെയെങ്കിൽ ഇവർ കുടംബമായി ശുശ്രൂഷയ്ക്ക് സാക്ഷ്യം വഹിച്ചിരുന്നു. ആദിമ സഭ വലിയ ആൾക്കൂട്ടം അല്ല, ചെറിയ ഭവന സഭകൾ ആയിരുന്നു. കൂട്ടായ്മയിൽ പെട്ടവർ തമ്മിൽ അറിയുന്നവരും സൗഹാർദ്ദം പുലർത്തുന്നവരും ആയിരുന്നു.

*(ശേഷം 21-ാം പേജിൽ)*

# അന്ന് അങ്ങനെ;
# ഇന്ന് ഇങ്ങനെ !!

**പാസ്റ്റർ കെ. എ. ഉമ്മൻ, തിരുവല്ല**

2010 കടന്നു പോയപ്പോൾ പെന്തക്കോസ്തു വിശ്വാസത്തിലായതിന്റെ കണക്കിൽ ഒരു വർഷം കൂടി ചേർക്കപ്പെട്ടു. വടക്കേ ഇൻഡ്യയിൽ വെച്ച് അറുപതുകളുടെ മദ്ധ്യത്തിലാണത് സംഭവിച്ചത്. പെന്തക്കോസ്തു വിഭാഗക്കാരെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും അവജ്ഞ നിറഞ്ഞ ഒരു മനസ്സായിരുന്നു ചെറുപ്പം മുതലേ ഉണ്ടായിരുന്നത്. സമൂഹമദ്ധ്യേ ഒട്ടും സ്വീകാര്യമല്ലാത്ത ഒരുപിടി ഉപദേശ സംഹിതകളായിരുന്നു അവരുടേത്. ആഭരണങ്ങൾ ഒന്നും ധരിക്കാത്ത സ്ത്രീകളും മീശ വെയ്ക്കാത്ത പുരുഷന്മാരും (ഏറിയ പങ്കും) വെള്ളമാത്രം ഉപയോഗിക്കുന്ന ഉപദേശിമാരും ഉൾപ്പെടുന്ന ഒരു കൂട്ടം. സാധാരണ ജനത്തിൽനിന്നും വ്യത്യസ്ഥകരമായ ഒരു ജീവിതശൈലി പുലർത്തുന്ന അക്കൂട്ടരെ സംസ്ക്കാര ശൂന്യർ എന്ന് മറ്റുള്ളവർ വീക്ഷിച്ചു വന്ന ഒരു കാലം. നവീകരണ സഭയായ മാർത്തോമ്മായിലെ ആചാരനുഷ്ഠാനങ്ങൾ കൃത്യമായി പാലിക്കുക എന്നു മാത്രമേ ആത്മീകജീവിതത്തിന്റെ ലക്ഷ്യമായി കണ്ടുള്ളൂ. അതിനാൽ പെന്തക്കോസ്തു വിശ്വാസത്തോടു ഒരു തരം വെറുപ്പും വിദ്വേഷവും മനസ്സിന്റെ ഉള്ളറയിൽ കാത്തുസൂക്ഷിച്ചതിന്റെ പ്രതിഫലനമെന്നോണം അവരെ കളിയാക്കുവാനും പരിഹസിക്കുവാനും കിട്ടുന്ന അവസരങ്ങൾ പാഴാക്കുകയില്ലായിരുന്നു. അവരുടെ ആരാധനാരീതികളോടായിരുന്നു കൂടുതൽ വിരോധം. ഉച്ചത്തിലുള്ള അവരുടെ പാട്ടും സ്തോത്രം പറച്ചിലുകളും തികച്ചും അരോചകമായി തോന്നി. സാധാരണ ശബ്ദത്തിൽ പ്രാർത്ഥിച്ചാൽ കേൾക്കുവാൻ കഴിയാത്ത ഒരു ദൈവത്തെക്കുറിച്ചാണോ ഇവർ മനസ്സിലാക്കിയിരിക്കുന്നത് എന്ന യുക്തിയായിരുന്നു ആ വിരോധത്തിന്റെ പിന്നിൽ.

“എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല. ആകാശം ഭൂമിയ്ക്കു മീതെ ഉയർന്നിരിക്കുന്നതുപോലെ, എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു” (യെശ. 55:8,9) എന്ന് അരുളിച്ചെയ്ത സർവ്വശക്തൻ എളിയവനെ അവന്റെ വഴിയിലേക്ക് തിരിച്ചു വിട്ടത് തികച്ചും അത്ഭുതകരമായ നിലയിലായിരുന്നു. സ്വന്തഹിത പ്രകാരമല്ല, നിർബന്ധിച്ച് മറ്റൊരാൾ കൂട്ടികൊണ്ടു പോയപ്പോൾ പെന്തക്കോസ്തനുഭാവികളായ ഒരു കൂട്ടരുടെ യോഗത്തിലാണ് ചെന്നു പെടുവാൻ പോകുന്നത് എന്ന് ഒരു സൂചനയും ലഭിച്ചിരുന്നില്ല. അല്ലെങ്കിൽ ആ നിർബന്ധത്തിനു വഴിപ്പെടുകയില്ലായിരുന്നു. ആരുടെയും കണ്ണിൽപെടാതെവണ്ണം ഒരു ഭവനത്തിന്റെ കൊച്ചുമുറിയിലെ മൂലയിൽ ഇരിക്കുമ്പോൾ ആദ്യ മിനിട്ടുകൾ മനസ്സു മുഴുവൻ കൂട്ടികൊണ്ടുപോയ വ്യക്തിയോടുള്ള പകയായിരുന്നു. പക്ഷേ കുറച്ചു സമയത്തിനുശേഷം ഒരു ചെറുപ്പക്കാരൻ ഉപദേശി എഴുന്നേറ്റ് പ്രസംഗിക്കുവാൻ തുടങ്ങി. ആദ്യം അവഗണനാ മനോഭാവത്തിൽ ആണ് ഇരുന്നതെങ്കിലും അദ്ദേഹത്തിന്റെ ഓരോ വാചകവും ഹൃദയത്തിൽ കൂരമ്പുപോലെ വന്നു പതിക്കുവാൻ തുടങ്ങി. ഞാൻ ഒരു പാപിയാണെന്നും ക്രിസ്തീയ പാരമ്പര്യത്തിൽ ജനിച്ചു വളർത്തപ്പെട്ടെങ്കിലും രക്ഷിക്കപ്പെട്ട ഒരു ദൈവപൈതലായി തീർന്നിട്ടില്ലന്നും എനിക്ക് അന്ന് ആദ്യമായി മനസ്സിലായി. തുടർന്നുള്ള മിനിട്ടുകളിൽ എന്റെ വീണ്ടെടുപ്പിനുവേണ്ടി ക്രൂശിൽ പിടഞ്ഞു മരിച്ച ദൈവപുത്രന്റെ ദർശനം കാണുവാൻ എന്റെ ഹൃദയത്തിന്റെ കണ്ണുകൾ തുറക്കപ്പെട്ടു. ദൈവസ്നേഹം ഒരു നദിപോലെ ഉള്ളത്തിലേക്ക് ഒഴുകിയെത്തിയപ്പോൾ കണ്ണീർ കണങ്ങൾ മുഖത്തു നീർചാലുകൾ സൃഷ്ടിച്ചു. അന്ന് ആദ്യമായി യേശു എന്റെ രക്ഷകൻ എന്ന് ഞാൻ ഏറ്റുപറഞ്ഞു. എന്റെ ഹൃദയം രക്ഷയുടെ സന്തോഷം കൊണ്ടു നിറഞ്ഞു. ഞാൻ ഒരു ദൈവപൈതലായി; പുതിയ സൃഷ്ടിയായി.

പിന്നെയും ജീവിതത്തിൽ ദൈവീക ഇടപെടലുകൾ ഉണ്ടാകുകയും അന്യഭാഷ അടയാളത്തോടു കൂടെ പരിശുദ്ധാത്മശക്തി എന്റെ മൺകൂടാരത്തെ നിറയ്ക്കുകയും ചെയ്തപ്പോൾ തിരുവചനം അനുശാസിക്കും വിധം വിശ്വാസസ്നാനം സ്വീകരിച്ച് ഞാൻ ഒരു പെന്തക്കോസ്തു വിശ്വാസിയായിത്തീർന്ന ആദ്യനാളുകളിലെ ചില അനുഭവങ്ങൾ ഓർമ്മയിൽനിന്നും ഇപ്പോഴും മാഞ്ഞുപോയിട്ടില്ല. സ്നാനപ്പെടുവാൻ പോകുന്ന സമയം ആരും പ്രത്യേകമായി പറഞ്ഞില്ലങ്കിലും കൈയ്യിലെ മോതിരവും മറ്റും സ്വയം ഊരി മാറ്റിയത് ഓർക്കുന്നു. കാരണം ആഭരണം വിഗ്രാഹാരാധനയ്ക്കു മുഖാന്തിരമായി തീർന്നതിന്റെ പശ്ചാത്തലത്തിൽ ദൈവം തന്റെ ജനമായ യിസ്രായേലിനോടു നീ നിന്റെ ആഭരണം നീക്കികളയുക എന്ന് കല്പി

ച്ചത് (പുറ.33:2-6) തുടങ്ങി, "അവർ തങ്ങളുടെ വെള്ളി വീഥികളിൽ എറിഞ്ഞുകളയും; പൊന്നു അവർക്കു മലമായി തോന്നും... അത് അവർക്ക് അകൃത്യഹേതു ആയിരുന്നുവല്ലോ; അതുകൊണ്ടുള്ള ആഭരണങ്ങളുടെ ഭംഗി അവർ ഡംഭത്തിനായി പ്രയോഗിച്ചു" (യെഹ. 7:19-21). "വെള്ളിയും പൊന്നും എനിക്കില്ല; എനിക്കുള്ളത് നിനക്കു തരുന്നു" (അപ്പോ. പ്രവൃ. 3:6) എന്നിങ്ങനെ അനവധി തിരുവചനഭാഗങ്ങൾ പെന്തക്കോസ്തു പിതാക്കന്മാർ പഠിപ്പിച്ച് തന്നിരുന്നത് ഹൃദയത്തിൽ ആഴമായി പതിഞ്ഞിരുന്നതിനാൽ ആ വിഷയത്തിൽ ഒട്ടും സംശയമേയില്ലായിരുന്നു. ആഭരണധാരണത്തെക്കുറിച്ച് അന്ന് ജനത്തെ ആധികാരികമായി പിതാക്കന്മാർ ഉപദേശിച്ചതു കൊണ്ടായിരിക്കാം തിരുവചനം ഗ്രഹിച്ച അന്നുള്ളവർക്ക് അത് ഒരു ചിന്താവിഷയമോ തർക്കവിഷയമോ ആയിരുന്നില്ല. എന്നാൽ ഇന്നോ? സെമിനാരി വിദ്യാഭ്യാസം കൂടിപ്പോയതുകൊണ്ടായിരിക്കാം ഇന്നത്തെ പെന്തക്കോസ്തു യുവതലമുറയിൽ പെട്ട ശുശ്രൂഷകന്മാരിൽ ഒരു വിഭാഗം ഇത് ഒരു പഴയ നിയമം ഉപദേശമാണന്നും പുതിയ നിയമ വിശ്വാസികൾക്ക് ബാധകമല്ലെന്നും വിശ്വസിക്കുകയും രഹസ്യമായും ചിലർ പരസ്യമായും പ്രഘോഷിക്കുവാൻ തുടങ്ങിയിരിക്കുന്നു. അന്ന് സമുദായ പാരമ്പര്യങ്ങളിലായിരുന്ന ഞങ്ങളെപ്പോലെയുള്ളവരുടെ ആത്മീക ദൃഷ്ടി പ്രകാശിപ്പിക്കുവാൻ മുഖാന്തിരമായ പെന്തക്കോസ്തു പിതാക്കന്മാരുടെ മക്കളും കൊച്ചുമക്കളും ചിലരെങ്കിലും ഇങ്ങനെയുള്ളവരിൽ മുഖ്യന്മാരായി തീർന്നിരിക്കുന്നു എന്നുള്ളത് ഒരു വൈരുദ്ധ്യം തന്നെ. അടുത്ത സമയത്ത് ഞാൻ വായിച്ച ഒരു ലേഖനത്തിൽ എഴുത്തുകാരൻ പറഞ്ഞിട്ടുള്ളത് അവരുടെ പിതാക്കന്മാരുടെ അറിവുകേടു നിമിത്തം ആഭരണവർജ്ജനം പോലെയുള്ള പരീശ ഉപദേശങ്ങൾ അന്ന് പെന്തക്കോസ്തിൽ വന്നു കയറിയതാണ്. മാത്രമല്ല വെള്ളവസ്ത്രം ധരിക്കുക, സ്ത്രീകൾ ആരാധനാവേളകളിൽ തലയിൽ തുണിയിടുക, പുകവലിക്കുന്നവരെയും മുറുക്കുന്നവരെയും തിരുമേശയിൽനിന്നും മാറ്റി നിർത്തുക ഇപ്രകാരമുള്ള വിശുദ്ധിയുടെയും വേർപാടിന്റെയും തത്വങ്ങൾ പരീശഭക്തിയുടെ ഭാഗമാണെന്നും മറ്റും അക്കമിട്ടു നിരത്തിയിരിക്കുന്നത് വായിച്ചപ്പോൾ അക്ഷരാർത്ഥത്തിൽ ദുഃഖം തോന്നി. പിതാക്കന്മാരെ തള്ളിപ്പറയുന്ന ഉപദേശിയുടെ മക്കൾ എന്ന ഒരു പുതിയ തിരക്കഥ അതിൽ കാണാം. പണവും വിദ്യാഭ്യാസവും കൂടിയാലത്തെ വിനയേ! അവരുടെ പിതാക്കന്മാർ അന്നു മറ്റുള്ളവരെ സത്യവിശ്വാസമായി പഠിപ്പിച്ച പലതും ഇന്നു മക്കളും കൊച്ചുമക്കളും ചേർന്ന് ഭോഷ്ക് എന്ന് പറഞ്ഞാൽ അത് പ്രതിബിംബിക്കുന്നത് അവരുടെ ഭക്തിയോ? ഭക്തികേടോ? സർവ്വശക്തൻ തന്നെ വിധിക്കട്ടെ.

എന്തായാലും ഒരു കാര്യം ഞാൻ ഉറപ്പിച്ചു പറയാം. ഏകദേശം അരനൂറ്റാണ്ടുകൾക്കപ്പുറം സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേട് കാണിക്കാത് സാമുദായിക പാരമ്പര്യങ്ങളെ വിട്ട് വിശുദ്ധിയുടെയും വേർപാടിന്റെയും മാർഗ്ഗത്തിൽ ഇറങ്ങിത്തിരിച്ചപ്പോൾ അന്നത്തെ ആത്മീക പിതാക്കന്മാർ ഞങ്ങളെ പഠിപ്പിച്ചതും തിരുവചനത്തിൽ നിന്നു ഗ്രഹിച്ചതുമായ അപ്പോസ്തലിക ഉപദേശങ്ങളെക്കുറിച്ച് ഞങ്ങൾക്ക് ലവലേശം സംശയമില്ലെന്നു മാത്രമല്ല, ആയുസ്സിന്റെ അവസാനം വരെ അത് മുറുകെ പിടിക്കും, ഞങ്ങൾ അത് ഉത്ഘോഷിക്കും.

യേശുകർത്താവ് തന്റെ ശിഷ്യന്മാരെ നോക്കി പറഞ്ഞു; "നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകയ്ക്കുന്നു" (യോഹ. 15:19). "ഞാൻ ലൗകീകനല്ലാത്തതുപോലെ അവരും ലൗകീകന്മാരല്ല" (യോഹ. 16:16). ഇതായിരുന്നു യേശുവിന്റെ ഉപദേശമെങ്കിൽ ഇന്നത്തെ പെന്തക്കോസ്തു ഡോക്ടർമാർ (വൈദ്യശാസ്ത്രത്തിലല്ല, വേദശാസ്ത്രത്തിൽ ഡോക്ടറേറ്റു പ്രാപിച്ചവർ) പുതിയ സിദ്ധാന്തം അവതരിപ്പിച്ചിരിക്കുന്നു, ലോകത്തിൽ ഉള്ളത് എല്ലാം മനുഷ്യന്റെ ആസ്വാദനത്തിനുവേണ്ടിയുള്ളതാണ്. ദൈവമക്കൾക്കും അത് അങ്ങനെതന്നെ. ആകയാൽ വിശുദ്ധിക്കു ചേരാത്തതൊക്കെ വർജ്ജിക്കേണം എന്നാവശ്യമുന്നയിച്ച് ദൈവജനത്തിന്റെമേൽ അധിക ഭാരം ചുമത്തരുത് എന്നാണ് അവരുടെ മതം. കർത്താവിനെക്കാൾ കൂടുതൽ വേദം അഭ്യസിച്ചാൽ ഇങ്ങനെയൊക്കെ പറഞ്ഞില്ലങ്കിലല്ലേ അത്ഭുതപ്പെടാനുള്ളൂ. ഒരിക്കൽ പൗലോസിനോടൊപ്പം കർത്താവിനു വേണ്ടി അദ്ധ്വാനിച്ച ദേമാസ് ഈ ലോകസ്നേഹം കൂടിയപ്പോൾ വേലവിട്ടു മടങ്ങിപ്പോയി. അങ്ങനെയുള്ള ദേമാസുമാർ ഏതു കാലത്തിലും കാണും; ഇക്കാലത്തിലുമുണ്ട് അവരെ സ്വർഗ്ഗം കൈകാര്യം ചെയ്യട്ടെ.

എബ്രായലേഖനത്തിലെ ഒരു വാക്യം ഉദ്ധരിച്ചു കൊണ്ട് ഈ വരികൾക്ക് ഞാൻ സമാപ്തി കുറിക്കുന്നു. "എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിൻമാറുന്നു എങ്കിൽ എന്റെ ഉള്ളത്തിനു അവനിൽ പ്രസാദമില്ല. നാമോ നാശത്തിലേക്കു പിൻമാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു (എബ്രാ. 10:38-39).

# അധികാരവും അഭിഷേകവും!

(തുടർച്ച)

**പാസ്റ്റർ വിനോദ് ജേക്കബ്**

നമ്മുടെ ദൈവത്തോടുള്ള ഭയവും ബഹുമാനവും അത് രാജാവിനോടുള്ള ഭയവും ബഹുമാനവുംകൂടി ആയിതീരണം (1 പത്രോ. 2:17). ഇതുപോലുള്ള ബഹുമാനമാണ് പത്രോസ് ആവശ്യപ്പെടുന്നത്. നീറോ എന്ന പേര് പത്രോസ് ഇവിടെ ഉപയോഗിക്കുന്നില്ല. ഒരു വ്യക്തിയ്ക്കോ അദ്ദേഹത്തിന്റെ സ്വഭാവത്തിനോ അല്ല നാം ബഹുമാനം കൊടുക്കുന്നത്. ഒരുവൻ ആ അധികാരകസേരയിൽ ഇരിക്കാൻ ഒരു പക്ഷേ യോഗ്യനല്ലായിരിക്കാം എങ്കിലും നാം വ്യക്തിയേക്കാൾ ആ അധികാരസ്ഥാനത്തെ (office) ആണ് ബഹുമാനിക്കുന്നത്. പത്രോസ് വീണ്ടും പറയുന്നു; ദാസന്മാർ യജമാനന്മാരെ ബഹുമാനിക്കേണം (വാ. 18,19). താൻ തരുന്ന ഈ കൈപ്പുള്ള ഗുളിക വിഴുങ്ങുവാൻ അല്പം പ്രയാസം ആണ്. ഒരു ഉന്നത നിലവാരം ആണ് ക്രിസ്ത്യാനികളിൽനിന്ന് പത്രോസ് ആഗ്രഹിക്കുന്നത്. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ്പോലും പിതാവിനോടുള്ള അനുസരണത്തിന്റെ ഭാഗമായി ഹെരോദാവ്, പീലാത്തോസ് എന്നിവർക്കു കീഴടങ്ങി.

ഇനി അടുത്തതായി പത്രോസ് തന്റെ തത്വങ്ങൾ പ്രവർത്തിപഥത്തിൽ കൊ ണ്ടുവരുന്നത് നോക്കാം. പ ത്രോസും യോഹന്നാനും സുവിശേഷം പ്രസംഗിച്ചതിനാൽ സെന്നഹദ്രീം സം ഘം അവരെ വിലക്കുന്നത് കാണാം "പിന്നെ അവരെ വിളിച്ചിട്ടു യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുത്, ഉപദേശിക്കുകയും അരുത് എന്നു കല്പിച്ചു. അതിനു പത്രോസും യോഹന്നാനും ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നതു ദൈവത്തിന്റെ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ. ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നത് പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല എന്നു ഉത്തരം പറഞ്ഞു" (അപ്പോ. പ്രവൃ. 4:18-20).

സുവിശേഷം പ്രസംഗിക്കുന്നതിൽ പത്രോസും യോഹന്നാനും ദൈവത്തിന്റെ നേരിട്ടുള്ള ആജ്ഞയാണ് അനുസരിക്കുന്നത്. എന്നാൽ യേശുവിനെ പിന്തുടരുന്ന കാര്യത്തിൽ ദൈവത്താൽ ആക്കപ്പെട്ട ആ നേതൃത്വം അവരെ വിലക്കുന്നു. ഇപ്പോൾ ഇതാ രണ്ടു അധികാരങ്ങൾ തമ്മിൽ സംഘട്ടനത്തിൽ ആയിരിക്കുന്നു. കർത്താവിന്റെ കല്പന പോയി പ്രസംഗിക്കുക, ദൈവത്താൽ ആക്കപ്പെട്ട സെന്നഹദ്രീം സംഘം (the highest Jewish Council) വിലക്കുന്നു സംസാരിക്കരുതെന്ന്.



എന്നാൽ പത്രോസും യോഹന്നാനും "ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നതു ന്യായമോ" എന്നു ചോദിക്കുന്നു. ഈ ചോദ്യത്തിലൂടെ അവർ നേതൃത്വത്തിന് കീഴടങ്ങാത്തവർ എന്നു തെറ്റിധരിക്കരുത്. അവർ സെന്നഹദ്രീം സംഘത്തെ ബഹുമാനിക്കുന്നുണ്ട്. പക്ഷേ അവർ പ്രസംഗിക്കും; അതിനുള്ള ശിക്ഷ പ്രതികരിക്കാതെ ഏറ്റുവാങ്ങും. അവരെ സംബന്ധിച്ച് സുവിശേഷം പ്രസംഗിക്കണം അതാണ് അവരുടെ വിളി. സെന്നഹദ്രീം സംഘത്തെ സംബന്ധിച്ച് ശിക്ഷ വിധിക്കണം അതാണ് അവരുടെ ഭാഗം.

അടുത്തതായി പൗലോസിന്റെ തത്വങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതു നോക്കാം. തന്നെ ന്യായാധിപക സംഘത്തിൽ വിസ്തരിക്കാൻ നിർത്തിയപ്പോൾ മഹാപുരോഹിതനായ അനന്യാസ് അരികെ നിൽക്കുന്നവരോടു; അവന്റെ വായ്ക്കു അടിപ്പാൻ കല്പിച്ചു. പൗലോസ് വേഗത്തിലും ശക്തമായി വാക്കുകൊണ്ട് മഹാപുരോഹിതനെ തിരിച്ചടിച്ചു. "ദൈവം നിന്നെ അടിക്കും". അരികെ നില്ക്കുന്നവർ പൗലോസിനോടു നീ ദൈവത്തിന്റെ മഹാപുരോഹിതനെ ശകാരിക്കുന്നുവോ എന്നു ചോദിച്ചു (അപ്പോ. പ്രവൃ. 23:2-4). ശ്രദ്ധിക്കൂ! മഹാപുരോഹിതസ്ഥാനവും ഒരു ബഹുമാനം അർഹിക്കുന്നുണ്ട്. ഇതറിഞ്ഞപ്പോൾ പൗലോസ് "സഹോദരന്മാരെ മഹാപുരോഹിതൻ എന്നു ഞാൻ അറിഞ്ഞില്ല" എന്ന് ക്ഷമാപണം നടത്തി. ഒരുവന്റെ പക്വത വെളിപ്പെടുത്തുന്നത് അവൻ ബഹുമാനിക്കുന്നതിലൂടെ ആണ്. തന്നോടു എന്തു പറഞ്ഞു എന്നു നോക്കാതെ ക്ഷമിക്കുന്നതിലൂടെയും മറക്കുന്നതിലൂടെയും ആണ്. അധികാരം നമ്മുടെ ഹൃദയത്തിന്റെ നിലവാരം വെളിപ്പെടുത്തും.

*(അവസാനിച്ചു)*

# നക്ഷത്രം

**പാസ്റ്റർ ജെ. മോനച്ചൻ, മേക്കൊഴൂർ**

**മനുഷ്യനിർമ്മിത** നക്ഷത്രത്തിന് വളരെ പ്രാധാന്യം കൊടുക്കുന്നതും ധാരാളം വിറ്റഴിയുന്നതുമായ മാസമാണ് ഡിസംബർ. ഉല്പത്തി 1:16 വായിക്കുമ്പോൾ ദൈവം ആകാശവിതാനത്തിൽ നക്ഷത്രങ്ങളെ സൃഷ്ടിച്ചാക്കി എന്ന് കാണുന്നു. പകൽ നാം നക്ഷത്രത്തെ കാണുന്നില്ലെങ്കിലും അവ ആകാശത്തു തന്നെ സ്ഥിതിചെയ്യുന്നു. ശാസ്ത്രം കോടാനുകോടി നക്ഷത്രങ്ങൾ ഉണ്ടെന്ന് പറയുന്നെങ്കിലും അതിന്റെ പൂർണ്ണസംഖ്യ അറിഞ്ഞിട്ടില്ല. എന്നാൽ "അവൻ നക്ഷത്രങ്ങളുടെ എണ്ണം നോക്കുന്നു. അവയ്ക്ക് ഒക്കെയും പേർ വിളിക്കുന്നു" (സങ്കീ. 147:4). തിരുവചനത്തിൽ ചില നക്ഷത്രങ്ങൾക്ക് പേര് പറഞ്ഞു കാണുന്നു. കാർത്തിക, മകയിരം (ആമോസ് 5:8; ഇയ്യോബ് 38:31), സപ്തർഷി (ഇയ്യോബ് 9:9), രാശിചക്രം (ഇയ്യോബ് 38:32).

നക്ഷത്രത്തെ ആരാധിക്കുന്നത് പാപമാണെന്നും അതിന് ശിക്ഷ മരണമാണെന്നും തിരുവചനം പഠിപ്പിക്കുന്നു ആവർ. 4:19. "നീ ആകാശ സൈന്യമായ സൂര്യനെയും, ചന്ദ്രനെയും, നക്ഷത്രങ്ങളെയും നോക്കികാണുമ്പോൾ അവയെ നമസ്കരിപ്പാനും സേവിപ്പാനും വശീകരിക്കപ്പെടരുത്". എന്നാൽ യിരെമ്യാവിന്റെ കാലത്ത് യെരുശലേം നഗരവാസികളും മിസ്രേമിലേക്ക് ഓടിപ്പോയവരും ആകാശരാജ്ഞിയെ ആരാധിച്ചു. യിരെ.7:18. "എനിക്ക് കോപം വരത്തക്കവണ്ണം അവർ ആകാശരാജ്ഞിയ്ക്ക് അപ്പം ചുടേണ്ടതിനും അന്യദേവന്മാർക്ക് പാനീയബലി പകരേണ്ടതിനും മക്കൾ വിറക് പെറുക്കുകയും അപ്പന്മാർ തീ കത്തിക്കയും സ്ത്രീകൾ മാവ് കുഴയ്ക്കുകയും ചെയ്യുന്നു. നക്ഷത്രദേവനായ കീയൂനെ ആരാധിച്ചതായി ആമോസ് 5:26 ൽ കാണുന്നു. "നിങ്ങൾ ഉണ്ടാക്കിയ വിഗ്രഹങ്ങളായി നിങ്ങളുടെ നക്ഷത്രദേവനായ കീയൂനെയും നിങ്ങളുടെ രാജാവായ സിക്കൂത്തിനെയും നിങ്ങൾ ചുമന്നുകൊണ്ട് പോകേണ്ടിവരും". യിസ്രായേൽ പ്രമാണം തെറ്റിച്ചതുകൊണ്ട് സിറിയയുടെ തലസ്ഥാനമായ ദമ്മശേക്കിന് അപ്പുറം പോകേണ്ട സ്ഥിതിവരുമെന്ന് ദൈവത്തിന്റെ അരുളപ്പാട് പ്രവാചകൻ യിസ്രായേലിനെ അറിയിക്കുന്നുണ്ട്. സൃഷ്ടാവിനെ വിട്ട് സൃഷ്ടിയെ ആരാധിക്കുകയും ആചാരാനുഷ്ഠാനങ്ങളിൽ മതിമറന്ന് മന്നവനെ മറന്നാലുള്ള അവസ്ഥ എത്ര ദയനീയമാണ്. ആമോസ് 7:8. "എന്റെ ജനമായ യിസ്രായേലിന്റെ നടുവിൽ ഒരു തൂക്കുകട്ട പിടിക്കും; ഞാൻ ഇനി അവരെ ശിക്ഷിക്കാതെ വിടുകയില്ല".

കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരും കാലങ്ങളിൽ കാണിക്കേണ്ടതിന് ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു (എഫേ. 2:4-7). ഇവിടെ വരുംകാലങ്ങളിൽ എന്ന് പറഞ്ഞിരിക്കുന്നത് "വക്രതയും കോട്ടവുമുള്ള തലമുറയുടെ കാലം". അത് ഈ കാലത്തെ സൂചിപ്പിക്കുന്നു. "അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ച്കൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു" (ഫിലി. 2:14-15). നക്ഷത്രം അവന്റെ സൃഷ്ടിപ്പാണ് (ഉല്പ. 1:16,17). നാം അവന്റെ സൃഷ്ടിയാണ് (ഉല്പ. 1:26-27). സൃഷ്ടിപ്പിൽ ദൈവത്തിനു ഒരു ഉദ്ദേശമുണ്ട്. ലോകത്തിനു വെളിച്ചം കൊടുക്കുക. "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" (മത്താ. 5:14). "എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരേയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും" (ദാനി. 12:3). മത്താ. 2:9,10-ാം വാക്യം മനസ്സിലാക്കുമ്പോൾ വിദ്വാന്മാർ കിഴക്ക് കണ്ട നക്ഷത്രം പ്രകാശിച്ചു, അത് സഞ്ചരിച്ചു, അവർക്ക് വഴികാട്ടി, അവർക്ക് മുമ്പായി പൊയ്ക്കോണ്ടിരുന്നു. ഇത് നമ്മുടെ ജീവിതത്തിൽ അനുഭവമാക്കേണ്ടിയിരിക്കുന്നു.

നക്ഷത്രത്തിന്റെ സ്ഥാനം ഉയരത്തിലാണ് (ഉല്പ. 1:18). ഉയരത്തിലുള്ളത് അന്വേഷിപ്പീൻ എന്നാണ് പൗലോസ് ഓർപ്പിക്കുന്നത് (കൊലോ. 3:1). നക്ഷത്രം കർത്താവിന്റെ കരങ്ങളിലാണ് ഇരിക്കുന്നത് (വെളി. 2:1). നക്ഷത്രങ്ങളും ദൈവത്തെ സ്തുതിക്കണം എന്നു കാണുന്നു (സങ്കീ. 148:3). മത്താ. 2:11ൽ " ആ വീട്ടിൽ ചെന്ന് ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു, വീണ് അവനെ നമസ്കരിച്ചു. നിക്ഷേപപാത്രങ്ങളെ തുറന്ന് അവന് പൊന്നും കുന്തുരുക്കവും മൂരും കാഴ്ചവച്ചു. ഇവിടെ അവരെ നമസ്കരിച്ചെന്നോ, അവർക്ക് കാഴ്ച വെച്ചന്നോ അല്ല. അവനെ നമസ്കരിച്ചു. അവന് കാഴ്ചവച്ചു, എന്നത്രേ ആകയാൽ സൃഷ്ടിയെയല്ല, സൃഷ്ടാവിനെ മാത്രമാണ് ആരാധിക്കേണ്ടത്. നമ്മുടെ ആരാധ്യൻ ക്രിസ്തു മാത്രമാണ്. അവൻ മാത്രം!

★

# നാവ് എന്ന തീ

**കെ. സി. സാമുവേൽ – പുനലൂർ**

**ഹൃദയത്തിന്റെയും** മനസ്സിന്റെയും ശരീരത്തിന്റെയും നല്ല ശിക്ഷണത്തിൽ കൂടി മാത്രമേ ഒരുവന് യേശുവിന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയുള്ളൂ. കാരണം ജീവിതം പടുത്തുയർത്തുവാനുള്ള അടിസ്ഥാനശില മനസ്സാണ്. ആധിയും, ആകുലതയും മാനസികസംഘർഷങ്ങളിലേക്കു നയിക്കുമെന്നും അത് പലരോഗങ്ങൾക്കും കാരണമാകുമെന്നും ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. നമ്മുടെ അനുവാദം കൂടാതെ നല്ലതും, തീയതുമായ എൺപത് വിചാരങ്ങൾ ഒരു മിനിറ്റിൽ നമ്മുടെ മനസ്സിലേക്കു കടന്നു വരുന്നു. ചഞ്ചലാത്മകമായ മനസ്സിനെ തന്ത്രപൂർവ്വം മെരുക്കി നിയന്ത്രണാധീനമാക്കിയാലെ ആത്മീയ ജീവിതം അന്വർത്ഥമാകുകയുള്ളൂ. ശരീരത്തിന്റെമേൽ മനസ്സിന്റെ സ്വാധീനം ശക്തമാണ്. മനസ്സിന്റെ അപാരശേഷികൾക്ക് മരണത്തെപ്പോലും താത്കാലികമായി മാറ്റി നിറുത്തുവാനുള്ള കഴിവ് നാം തിരിച്ചറിയേണം. തീവ്രമായ വിശ്വാസവും പ്രാർത്ഥനയും മനസ്സിൽ പല മാറ്റങ്ങളും വരുത്തുവാൻ പര്യാപ്തമാണ്. മനശാസ്ത്രത്തിലും മെഡിക്കൽ സയൻസിലും നടത്തിയ ഗവേഷണങ്ങളും പരീക്ഷണങ്ങളും ഇത് സാക്ഷ്യപ്പെടുത്തുന്നു. മനസ്സുപോകുന്നയിടത്ത് ഹൃദയവും പോകുന്നു. സംവേദനങ്ങളിൽകൂടി മനസ്സിനു ലഭിക്കുന്ന സന്ദേശങ്ങൾ ഹൃദയത്തിലേക്കു കടത്തിവിടുകയും, ഹൃദയം നിറഞ്ഞുകവിയുന്നത് നാവിൽകൂടി പ്രകടമാകുകയും ചെയ്യുന്നു.

നമ്മുടെ ശരീരത്തിലെ ഏറ്റവും ചെറിയ അവയവമാണ് നാവ്. എന്നാലിതൊരു തീ ആണെന്നും അത് ജീവിതത്തിനു തീ കൊളുത്തുകയും നരകത്താൽ അതിന് തീ പിടിപ്പിക്കുന്നെന്നും യാക്കോബ് അപ്പോസ്തലൻ പറയുന്നു (യാക്കോ. 3:1–12). നിയന്ത്രണമില്ലാത്ത നാവുകൊണ്ടു ചെയ്യുന്ന പാപത്തിന്റെ തീപ്പൊരിയാണ് ആത്മീയഗോളത്തിൽ സ്ഫോടനങ്ങൾ സൃഷ്ടിക്കുന്നത്. നക്ഷത്രം പോലെ ശോഭിച്ച അനേകർ നാവിൽനിന്നു രൂപപ്പെട്ട അപവാദചുഴലിയിൽ കടപുഴകി വീണ ചരിത്രമുണ്ട്. കൂട്ടായ്മയുടെ ആത്മീകം ബലഹീനപ്പെടുവാൻ കാരണം നിയന്ത്രണമില്ലാത്ത നാവാണ്. മൂന്നിഞ്ചു നീളമുള്ള നാവുകൊണ്ട് ആറ് അടി ഉയരമുള്ള മനുഷ്യനെ കൊലപ്പെടുത്തുവാൻ കഴിയും. വളർത്താനും തളർത്താനും ഇതിനു കഴിവുണ്ട്. അതുകൊണ്ട് നാം നമ്മെപ്രതിയും, സുവിശേഷത്തെപ്രതിയും കുറ്റപ്പെടുത്തുകയോ വിനാശകരമായ വിമർശനങ്ങൾ നടത്തുകയോ ചെയ്യരുത്. ഇടവിടാതെയുള്ള ചോർച്ചയും കലഹക്കാരിയായ സ്ത്രീയും ഒരുപോലെയെന്ന് ശലോമോൻ പറഞ്ഞിരിക്കുന്നു. ആരാധനയിലും പൊതുയോഗങ്ങളിലും വിവാദങ്ങളും വാഗ്വാദങ്ങളും നമ്മുടെ ഇടയിൽ സർവ്വസാധാരണമാണ്. വിവാദത്തിന്റെ ഉറവിടം നിഗളവും വാഗ്വാദം വിനയമില്ലാത്തതി ന്റെ ചൂണ്ടുപലകയുമാണ്. ആരാധനയിൽ ചുണ്ടനക്കാ ത്തവർ മരണവീട്ടിൽ കളിവാക്കുകൾ പറഞ്ഞ് അട്ടഹസിക്കുന്നത് കേട്ടിട്ടുണ്ട്. ഒരു ക്രിസ്ത്യാനിയുടെ അധരത്തിൽ മ്ലേച്ഛതരമായ സംസാരവും കളിവാക്കുകളും, പൊട്ടച്ചൊല്ലും അസ്ഥാനത്താണ്. വേട്ടക്കാരന്റെ അസ്ത്രം പോലെയാണ് ഏഷണിക്കാരന്റെ നാവ്. ഒരു ഏഷണിക്കാരന്റെ മുറിവുകൾ ഒരിക്കലും ഉളവാക്കരുത് (സദൃ.18:8; 26:22). ഏഷണി പറയുന്നവൻ ഭോഷൻ. അധരങ്ങളെ അടക്കുന്നവനോ ബുദ്ധിമാൻ (സദൃ.18:19). ജ്ഞാനിയുടെ നാവ് നല്ല പരിജ്ഞാനം പ്രസ്താവിക്കുന്നു (സദൃ. 15:2). സ്നേഹിതരുടെയോ, ശത്രുക്കളുടെയോ കുറ്റങ്ങളെയും കുറവുകളേയും പറ്റി പരസ്പരം സംസാരിക്കരുത്. കുറ്റക്കാരേയും ഏഷണിക്കാരെയും വ്യഭിചാരികളുടെയും കൊലപാതകരുടെയും കൂട്ടത്തിൽ മരണയോഗ്യരായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. നമ്മുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തുന്നതും ആയിരിക്കണം. വാക്കിൽ തെറ്റാതിരിക്കുന്നവൻ സൽഗുണപൂർത്തിയുള്ള പുരുഷനാകുന്നു. ഒരു നല്ലവാക്ക് ദിവ്യ ഔഷധമാണ്. നാവിനെ മെരുക്കുവാൻ മനുഷ്യന് പ്രയാസമാണ്. അതിൽ അടങ്ങാത്ത ദോഷവും മരണകരമായ വിഷവും നിറഞ്ഞിരിക്കുന്നു. എന്നാൽ ബുദ്ധിയുള്ള ആരാധനക്കാരായി ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെട്ട് ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിക്കുന്നവർക്ക് നാവിൽനിന്നും പുറപ്പെടുന്ന തീയും വിഷവും നിർവീര്യമാക്കുവാൻ കഴിയും. ♦

# നിങ്ങളുടെ നടപ്പ് ആരുടെകൂടെ?

ഒ. വി. മാത്യു, വാര്യാപുരം

"ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു,
ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി" (ഉല്പ. 5:24).

ആദാമ്യ വർഗ്ഗത്തിൽ ഏഴാം തലമുറക്കാരനായ ശേത്തിന്റെ വംശജനും ആ തലമുറയിലെ ഉത്തമഭക്തനുമായിരുന്നു ഹാനോക്ക്. അവൻ ദൈവപ്രീതിയാൽ മരണം കാണാതെ സ്വർഗ്ഗത്തേക്കു എടുക്കപ്പെട്ടു. ഹാനോക്കിന്റെ ജീവിതത്തിലെ ശ്രേഷ്ഠ ഗുണങ്ങൾ അവന് മരണം കാണാതെ ദൈവത്തോടുകൂടെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പാൻ ഭാഗ്യ അവസരം നൽകി. അനുകരണീയങ്ങളായ സ്വഭാവ ഗുണങ്ങൾ മാതൃകയാക്കി ദൈവമക്കളായ നമുക്കും ക്രിസ്തീയ ജീവിതം വിജയത്തിലേക്കു നയിക്കാവുന്നതാണ്. ആ ശ്രേഷ്ഠഗുണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.

**1. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു:** ഉല്പ. 5:24ൽ ഹാനോക്ക് ദൈവത്തോടുകൂടെ നടന്നുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. "രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ചു നടക്കുമോ? ആമോസ് 3:3". ഹാനോക്കിന്റെ ഉറ്റ സ്നേഹിതൻ ദൈവം ആയിരുന്നു. അബ്രഹാമിന്റെ സ്നേഹിതൻ ദൈവമായിരുന്നു. ദൈവത്തെ സ്നേഹിതനായി മനുഷ്യനു ലഭിക്കുക എന്നുള്ളത് ഏറ്റവും വലിയ ഭാഗ്യപദവിയാണ്. ഒരു വിശ്വാസിക്ക് ഈ മോക്ഷയാത്രയിൽ തന്നോടുകൂടെ നടക്കുവാൻ തിരഞ്ഞെടുക്കാവുന്ന ഒരു വ്യക്തിയുണ്ടെങ്കിൽ അത് ദൈവം മാത്രമാകുന്നു. ദൈവത്തോടുകൂടെ നടന്നു എന്നതിന്റെ അർത്ഥം ദൈവവഴികളിൽ നടന്നു എന്നാണ്. നമ്മുടെ അരുമനാഥന്റെ വാക്ക് കേൾപ്പിൻ. "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവും അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും" (യോഹ. 14:23). ദൈവവഴികളിൽ നടക്കുന്നവനെ ദൈവം നല്ല ഇടയനെപ്പോലെ ജയോത്സവമായി വഴി നടത്തുന്നു. ഈ മോക്ഷയാത്രയിൽ ദൈവത്തോടുകൂടെ നടക്കുന്നവൻ ദൈവത്തോടുകൂടെ സ്വർഗ്ഗത്തിൽ ആയിരിക്കുമെന്ന് ഹാനോക്കിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പ്രിയ വിശ്വാസി; നിങ്ങൾ ദൈവത്തിന്റെ സ്നേഹിതനോ? നിങ്ങൾ ദൈവത്തോടു കൂടെചേർന്നു നടക്കുന്നുവോ?

**2. ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചു** (എബ്രാ. 11:5). ഹാനോക്കിന്റെ ദൈവവിശ്വാസം പ്രശംസനീയമായിരുന്നു, അനുകരണീയമായിരുന്നു. "എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പാൻ കഴിയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവമുണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ" (എബ്രാ. 11:6). ദൈവം സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയും സകലത്തിന്റെയും സൃഷ്ടാവ് എന്നും മനുഷ്യരുടെ ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നവൻ എന്നും ഹൃദയ നിരൂപണം ദൂരത്തുനിന്നും ഗ്രഹിക്കുന്നുവെന്നും നടപ്പും കിടപ്പും ശോധന ചെയ്യുന്നുവെന്നും ഹാനോക്ക് വിശ്വസിച്ചിരുന്നു. 'ജഡ സ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല റോമ. 8:8'. യേശുക്രിസ്തുവിന്റെ ഈ ഭൂമിയിലെ ജീവിതത്തിൽ ഇവൻ എന്റെ പ്രിയ പുത്രൻ ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സാക്ഷ്യം പ്രാപിച്ചു (ലൂക്കോ. 3:22). തന്റെ കാൽച്ചുവടുകൾ പിന്തുടരുവാൻ അവൻ ഒരു മാതൃക നമുക്കു വെച്ചേച്ചു പോയിരിക്കുന്നു. പൗലോസിന്റെ പ്രബോധനം ശ്രദ്ധിക്കു; ദൈവപ്രസാദം ലഭിപ്പാൻ തക്കവണ്ണം നിങ്ങൾ നടക്കുന്നതുപോലെ തന്നെ ഇനിയും അധികം വർദ്ധിച്ചുവരേണം (1 തെസ്സ. 4:1).

**3. ഹാനോക്ക് ദൈവത്തിനുവേണ്ടി സാക്ഷ്യം പറഞ്ഞു** (യൂദ. 14-15). യൂദയുടെ ലേഖനത്തിൽ ഹാനോക്കിനെ ഒരു പ്രവാചകനായി കാണുന്നു. തന്റെ സന്ദേശത്തിൽ 'ഇതാ കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടു ചെയ്ത ഭക്തി വിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം... ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു എന്നു വരുവാനുള്ള ദൈവീക ന്യായവിധിയെക്കുറിച്ചു പ്രവചിച്ചു.

(തുടരും)

## 2011 ദൈവസഭാ കലണ്ടർ

2011-ലെ മനോഹരമായ ദൈവസഭാ കലണ്ടർ ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ഗ്രൗണ്ടിലെ ലിറ്ററേച്ചർ ഡിപ്പാർട്ട്മെന്റ് സ്റ്റാളിൽ ലഭ്യമാണ്. വില - രൂ: 15

*- ടി. യോഹന്നാൻ, ലിറ്ററേച്ചർ ഡയറക്ടർ*

# ഇൻഡ്യാ (പൂർണ്ണ സുവിശേഷ) ദൈവസഭ കേരളാസ്റ്റേറ്റ്

# ശുശ്രൂഷക കുടുംബസംഗമം - 2010

2010 ഡിസംബർ 23,24 തീയതികളിൽ ഇൻഡ്യാ ദൈവസഭാ കേരളാസ്റ്റേറ്റിന്റെ കീഴിലുള്ള എല്ലാ ദൈവസഭാ ശുശ്രൂഷകന്മാരും കുടുംബാംഗങ്ങളും മുളക്കുഴ സീയോൻ കുന്നിൽ പുതുതായി പണിത മൗണ്ട് സീയോൻ ബൈബിൾ സെമിനാരിയുടെ ആഡിറ്റോറിയത്തിൽ ഒത്തുചേർന്നപ്പോൾ അത് ദൈവസഭയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം കുറിക്കുകയായിരുന്നു.

ഡിസംബർ 23 വ്യാഴാഴ്ച രാവിലെ 8 മണി മുതൽ സ്റ്റേറ്റ് ബോർഡ് വൈസ് പ്രസിഡന്റ് ബ്രദർ സി. പി. വർഗ്ഗീസ്, സെക്രട്ടറി ബ്രദർ ഏബ്രഹാം ഫിലിപ്പോസ്, മറ്റു സ്റ്റേറ്റ് ബോർഡ് അംഗങ്ങൾ, നിയോഗിക്കപ്പെട്ട കർത്തൃദാസന്മാർ എന്നിവരുടെ നേതൃത്വത്തിൽ രജിസ്ട്രേഷൻ ആരംഭിച്ചു. പ്രോഗ്രാം ഷീറ്റ്, പാട്ടുപുസ്തകം, ബാഡ്ജ് ഉൾപ്പെടെയുള്ള ഫയലും ഭക്ഷണകൂപ്പണുകളും വിതരണം ചെയ്തു.

10 മണിക്ക് അസി. ഓവർസീയർ പാസ്റ്റർ പി. ജി. മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനത്തിൽ എഡ്യൂക്കേഷൻ ഡയറക്ടർ പാസ്റ്റർ പി. ജെ. ജെയിംസ് സങ്കീർത്തനം വായിക്കുകയും കൗൺസിൽ സെക്രട്ടറി പാസ്റ്റർ എം. ഒ. ഏലിയാസ് സ്വാഗതം ആശംസിക്കുകയും ചെയ്തു. തുടർന്ന് സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി "ആത്മീയ യുദ്ധത്തിനായി നാം മുമ്പോട്ട്"എന്ന തീം അവതരിപ്പിച്ചുകൊണ്ട് തിരുവചനം ശുശ്രൂഷിക്കുകയും പ്രാർത്ഥിച്ചു സംഗമം ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. അനന്തരം സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ പാസ്റ്റേഴ്സ് പി.ജെ. ജെയിംസ്, ഷിബു കെ. മാത്യു ഉൾപ്പെടെ സ്റ്റേറ്റ് ബോർഡ്, വിവിധ ഡിപ്പാർട്ടുമെന്റുകൾ എന്നിവയുടെ പ്രതിനിധികൾ ആശംസകൾ അറിയിക്കുകയും രാവിലത്തെ സെഷൻ അവസാനിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് സിസ്റ്റർ ലിസിയാമ്മ മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ നടന്ന സഹോദരിമാരുടെ പ്രത്യേക യോഗത്തിൽ എൽ. എം. ജനറൽ സെക്രട്ടറി സിസ്റ്റർ ഏലിയാമ്മ വർഗീസ് വചനശുശ്രൂഷ നിർവ്വഹിച്ചു. അതേ സമയം തന്നെ നടന്ന കർത്തൃദാസന്മാരുടെ യോഗത്തിൽ 'വർഗ്ഗ ബഹുല സമൂഹത്തിൽ സുവിശേഷം അറിയിക്കുന്നതെങ്ങനെ' എന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ ജോൺ ഫിലിപ്പ് ക്ലാസ്സു എടുക്കുകയും ചോദ്യങ്ങൾക്കു മറുപടി നൽകുകയും ചെയ്തു.

തുടർന്ന് "ശത്രുവിന്റെ ആയുധങ്ങൾ മനസ്സിലാക്കുക" എന്ന വിഷയത്തിൽ പാസ്റ്റർ പി. ആർ. ബേബി ക്ലാസ്സ് എടുത്തു.

വൈകിട്ടത്തെ സെഷനിൽ 'നേതൃത്വ വിശേഷണങ്ങൾ' എന്ന വിഷയത്തിൽ പാസ്റ്റർ വീയപുരം ജോർജ്ജുകുട്ടിയും (യു. എസ്. എ.), 'യുദ്ധത്തിന്റെ ആയുധങ്ങളും വസ്ത്രങ്ങളും' എന്നതിനെക്കുറിച്ചു പാസ്റ്റർ പി.എ.വി. സാമും ക്ലാസ്സുകൾ എടുത്തു.

ഡിസംബർ 24 വെള്ളിയാഴ്ച പ്രഭാതത്തിൽ നടന്ന ധ്യാനയോഗത്തിൽ പാസ്റ്റർ എ. ടി. ജോസഫ് വചനം ശുശ്രൂഷിച്ചു. രാവിലത്തെ സെഷനിൽ "കർത്തൃശുശ്രൂഷകന്മാർ മാതൃകയാക്കേണ്ട വസ്തുതകൾ" എന്നതിനെ ആസ്പദമാക്കി പാസ്റ്റർ ജി. ജി. വർഗ്ഗീസും (യു.എസ്.എ.) തുടർന്നു ദൈവസഭാ ഇൻഡ്യാ റെപ്രസന്റേറ്റീവ് പാസ്റ്റർ കെ. സി. ജോൺ 'സുവിശേഷത്തിന്റെ വിശാലതയ്ക്കായി പോരാടുക' എന്ന വിഷയത്തെക്കുറിച്ചും തിരുവചനം ശുശ്രൂഷിച്ചു. അനന്തരം, സഭാ സംബന്ധമായ വിഷയങ്ങളെക്കുറിച്ചു കർത്തൃദാസന്മാർ മുൻകൂട്ടി നൽകിയ ചോദ്യങ്ങൾക്കുള്ള മറുപടി സ്റ്റേറ്റ് ഓവർസീയർ നൽകുകയുണ്ടായി.

ഉച്ചകഴിഞ്ഞുള്ള സെഷനിൽ 'അദ്ധ്യക്ഷന്റെ യോഗ്യതകൾ' എന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ പി.സി. ചെറിയാൻ തിരുവചനത്തിൽ നിന്നും ശുശ്രൂഷിച്ചു. തുടർന്ന് അന്തർദേശീയ ദൈവസഭയുടെ മൂന്നു തലത്തിലുള്ള ശുശ്രൂഷാ സർട്ടിഫിക്കറ്റുകൾ സ്റ്റേറ്റ് ഓവർസീയർ അർഹരായ ശുശ്രൂഷകന്മാർക്ക് കൈമാറുകയും സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളും സീനിയർ പാസ്റ്റേഴ്സും ചേർന്ന് അവർക്കും കുടുംബങ്ങൾക്കുമായി അനുഗ്രഹ

കവിത

# അഗ്നി അഭിഷേകം

പുതിയ ഭാഷയിൽ സംസാരിക്കുവാൻ
എൻ അധരങ്ങൾ തൊടേണമേ
ഒരു അഗ്നി എന്നിൽ കത്തിക്കൂ
ഒരു കാറ്റെന്നിൽ അടിപ്പിക്കൂ

1 മാളിക മുറിയിൽ അഗ്നി അയച്ചോനെ
എന്നിലും അയയ്ക്കൊരു അഗ്നി
ഒരു ആത്മാവിൻ കാറ്റയയ്ക്കൂ
ദൈവശക്തിയാൽ എന്നെ നിറയ്ക്കൂ

2 എന്റെ പാപങ്ങൾ കണക്കിടാതെ
എനിക്കഭിഷേകം തരേണമേ
സാത്താനെ ജയിക്കുവാൻ കൃപ പകരൂ
ഒരു അഗ്നി എന്നിൽ കത്തിക്കൂ.

**ഡാനിയേൽ ഡേവിഡ് (10)**
സി.ജി.ഐ., കോഴഞ്ചേരി

➡

പ്രാർത്ഥന നടത്തുകയും ചെയ്തു.

വൈകിട്ടത്തെ യോഗത്തിൽ പാസ്റ്റർ പി. ജെ. ജെയിംസ് തിരുവചന ശുശ്രൂഷ നടത്തുകയും പാസ്റ്റർ എം. കുഞ്ഞപ്പി സമാപനദൂത് നല്കുകയും ചെയ്തു.

പാസ്റ്റർ ബെൻസ് ഏബ്രഹാം ഈ ശുശ്രൂഷക സംഗമം വിജയകരമാക്കി തീർത്ത സർവ്വശക്തനും അതിനുവേണ്ടി അദ്ധ്വാനിച്ച ഏവർക്കും ശുശ്രൂഷിച്ച കർത്തൃദാസന്മാർക്കും സ്റ്റേറ്റ് കൗൺസിലിന്റെ നാമത്തിൽ നന്ദി പ്രകാശിപ്പിച്ചു.

ഒടുവിലായി സഭ ഒന്നടങ്കം എഴുന്നേറ്റ് നിന്ന് പ്രത്യാശയുടെ ഗാനം പാടി ആത്മനിറവിൽ ദൈവത്തെ ആരാധിച്ചു. തുടർന്ന് പാസ്റ്റർ തോമസ്സ് ജോർജ്ജിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടെ ദൈവഹിതമെങ്കിൽ 2011 ജനുവരി 17 മുതൽ 23 വരെ തിരുവല്ലാ ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ നടക്കുന്ന ജനറൽ കൺവൻഷനിൽ വച്ചു വീണ്ടും കാണാം എന്നുള്ള പ്രത്യാശയോടെ വിശുദ്ധചുംബനം നൽകി മാറാനാഥാ പറഞ്ഞുകൊണ്ട് സന്തോഷത്തോടും അനുഗ്രഹനിറവോടുംകൂടി സ്വഭവനങ്ങളിലേക്ക് മടങ്ങി.

വിവിധ സെഷനുകളിൽ പാസ്റ്റേഴ്സ് ജെ. ജോസഫ്, ജോസ് ബേബി, പി. എൻ ഫിലിപ്പ്, റ്റി. എം. തോമസ്സുകുട്ടി, തോമസ് എം. പുളിവേലിൽ, സജി ജോർജ്ജ്, വൈ. ജോസ്, വിനോദ് ജേക്കബ്, കെ.വി. ജോയിക്കുട്ടി, ഈപ്പൻ ചെറിയാൻ എന്നിവർ അദ്ധ്യക്ഷത വഹിക്കുകയും മറ്റു കർത്തൃദാസന്മാർ പ്രാർത്ഥനയിൽ സഹകരിക്കുകയും ചെയ്തു.

പാസ്റ്റർ ടി. എ. ജോർജ്ജിന്റെ നേതൃത്വത്തിൽ ക്വയർ ഗാനശുശ്രൂഷ നിർവ്വഹിച്ചു.

പാസ്റ്റേഴ്സ് ജോസ് ബേബി, കെ. എ. ഉമ്മൻ എന്നിവരുടെ നേതൃത്വത്തിലും സ്റ്റേറ്റ് ബോർഡ് അംഗങ്ങൾ, നിയോഗിക്കപ്പെട്ട കർത്തൃദാസന്മാർ, ബൈബിൾ കോളേജു വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തിലും ചിട്ടയായ നിലയിലുള്ള ഭക്ഷണക്രമീകരണം നടന്നു. ○

വചന ധ്യാനം

# പ്രാർത്ഥന

**ആരോട് പ്രാർത്ഥിക്കണം?**

ദൈവത്തോട് - സങ്കീ. 5:2; 57:2; ലൂക്കോ. 11:2; പ്രവൃ. 10:2

**പ്രാർത്ഥനയ്ക്കുള്ള വ്യവസ്ഥ?**

1. ശുദ്ധീകരണത്തോടെ - 2 ദിന. 7:14; യാക്കോ. 5:16
2. വിശ്വാസത്തോടെ - മർക്കോ. 11:24
3. പുർണ്ണ ഹൃദയത്തോടെ - യിരെ. 29:13
4. ഐകമത്യപ്പെട്ട് - മത്താ. 18:19; പ്രവൃ. 4:24
5. ശ്രദ്ധയോടെ - പ്രവൃ. 12:5
6. വിശുദ്ധ കൈകൾ ഉയർത്തി - 1 തിമൊ. 2:8
7. ഉപവാസത്തോടെ - എസ്ഥേർ 4:16
8. ദൈവകല്പന പ്രമാണിച്ചുകൊണ്ട് - 1 യോഹ. 3:22,23

**പ്രാർത്ഥന എപ്പോൾ?**

വൈകുന്നേരത്തും കാലത്തും ഉച്ചയ്ക്കും - സങ്കീ. 55:17; ദാനി. 6:10
ഉദയത്തിനു മുമ്പ് - സങ്കീ. 119:147
രാത്രിയിൽ - ലൂക്കോ 6:12,
അർദ്ധരാത്രിയിൽ - പ്രവൃത്തി, 16:25,
എപ്പോഴും ഇടവിടാതെ - പ്രവൃത്തി 10:2; 2 തെസ്സ. 5:17; എഫേ. 6:18).

**പ്രാർത്ഥന എന്തുകൊണ്ട് കേൾക്കുന്നില്ല?**

അകൃത്യം, പാപം നിമിത്തം - സങ്കീ. 66:18; യെശ. 1:15, 59:2)

**പ്രാർത്ഥനാ വിഷയങ്ങൾ?**

1. പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ - ലൂക്കോ. 22:40,45
2. ദുഷ്ട മനുഷ്യരിൽ നിന്നും വിടുവിക്കപ്പെടുവാൻ - 2 തെസ്സ. 3:2
3. അനർത്ഥം വ്യസന കാരണമാകാതിരിപ്പാൻ - 1 ദിന. 4:10
4. ആഗോള ഉണർവ്വിനായി - സെഖ. 10:1
5. രോഗികൾക്കായി - യാക്കോ. 5:14,16
6. ഉപദ്രവിക്കുന്നവർക്കായി - മത്താ. 5:44
7. വിശുദ്ധന്മാർക്കായി - എഫെ. 6:18
8. കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ - ലൂക്കോ. 10:2
9. സഭ ദൈവത്തിന്റെ നിറവോളം നിറഞ്ഞുവരാൻ - എഫെ. 3:18,19
10. സംഭവിപ്പാനുള്ള എല്ലാറ്റിൽനിന്നും ഒഴിയുവാൻ - ലൂക്കോ. 21:34,36
11. സകല അധികാരസ്ഥന്മാർക്കുംവേണ്ടി - 1 തിമൊ. 2:2

**(പാസ്റ്റർ സണ്ണി സഖറിയ, ഇടിഞ്ഞില്ലം)**



കാട്ടാക്കട സൗത്ത് ഡിസ്ട്രിക്റ്റ് കൺവൻഷനിൽ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി കർത്തൃമേശ ശുശ്രൂഷ നിർവ്വഹിക്കുന്നു. പാസ്റ്റർമാരായ രാജു ജോസഫ്, വൈ. സെബാസ്റ്റ്യൻ, പി.സാനന്ദം, ജോൺ തോമസ്സ്, മാത്യു ഡാനിയേൽ എന്നിവർ സമീപം.

# സഭാവാർത്തകൾ

## അടൂർ നോർത്ത് ഡിസ്ട്രിക്റ്റ്

അടൂർ നോർത്ത് ഡിസ്ട്രിക്റ്റ് വൈ. പി. ഇ. താലന്തു പരിശോധന നവംബർ 5-ാം തീയതി വെള്ളക്കുളങ്ങര ദൈവസഭയിൽ വെച്ചു നടന്നു. കന്നിമല സഭ ഒന്നാം സ്ഥാനവും വെള്ളക്കുളങ്ങര സഭ രണ്ടാം സ്ഥാനവും നേടി. വ്യക്തിഗത ചാമ്പ്യനായി വെള്ളക്കുളങ്ങര സഭയിലെ ആഷ്ലി സുമാ വർഗ്ഗീസ് തിരഞ്ഞെടുക്കപ്പെട്ടു.

## വൈ. പി. ഇ. സോണൽ താലന്തു പരിശോധന

കൊട്ടാരക്കര: നവംബർ 27 ശനിയാഴ്ച നടന്ന വൈ. പി. ഇ. കൊട്ടാരക്കര സോണൽ താലന്തു പരിശോധനയിൽ അടൂർ നോർത്ത് ഡിസ്ട്രിക്റ്റ് ഒന്നാം സ്ഥാനവും, അടൂർ ടൗൺ ഡിസ്ട്രിക്റ്റ് രണ്ടാം സ്ഥാനവും നേടി. അടൂർ നോർത്ത് ഡിസ്ട്രിക്റ്റിലെ കന്നിമല സഭ ഒന്നും വെള്ളക്കുളങ്ങര സഭ രണ്ടും സ്ഥാനം നേടി. സോണൽ കോർഡിനേറ്റർ പാസ്റ്റർ ബിജു ബി. ജോസഫ് നേതൃത്വം നല്കി.

## കൊട്ടാരക്കര ഡിസ്ട്രിക്റ്റ്

കൊട്ടാരക്കര ഡിസ്ട്രിക്റ്റിന്റെ മാസയോഗം 11-12-2010 ശനിയാഴ്ച തൃക്കണ്ണമംഗൽ ദൈവസഭയിൽ വച്ച് ഡിസ്ട്രിക്റ്റ് പാസ്റ്റർ പി.ജി. ശാമുവേലിന്റെ അദ്ധ്യക്ഷതയിൽ അനുഗ്രഹകരമായി നടന്നു. പാസ്റ്റർ ബാബു ബി.മാത്യു ഇവിടെ ശുശ്രൂഷിക്കുന്നു.

## കരുനാഗപ്പള്ളി ഡിസ്ട്രിക്റ്റ്

കരുനാഗപ്പള്ളി ഡിസ്ട്രിക്റ്റിലെ മാസയോഗം തേവലക്കര ദൈവസഭയിൽ വച്ച് ഡിസംബർ 11 ശനിയാഴ്ച ഡിസ്ട്രിക്റ്റ് പാസ്റ്റർ എം. എൽ. ജോർജ്ജുകുട്ടിയുടെ അദ്ധ്യക്ഷതയിൽ അനുഗ്രഹകരമായി നടന്നു.

ഡിസ്ട്രിക്റ്റിന്റെ ഗോസ്പൽ ടീം പ്രവർത്തനം ഡിസംബർ 18 ശനിയാഴ്ച മൈനാഗപ്പള്ളി ദൈവസഭാ കേന്ദ്രമാക്കി ഡിസ്ട്രിക്റ്റ് പാസ്റ്ററുടെ നേതൃത്വത്തിൽ നടന്നു. തുടർന്നു നടന്ന പരസ്യയോഗത്തിൽ പാസ്റ്റർ സി. ഒ. ജോസഫ് പ്രസംഗിച്ചു. ഇവിടെ പാസ്റ്റർ തോമസുകുട്ടി ശുശ്രൂഷിക്കുന്നു.

## കാട്ടാക്കട സൗത്ത് ഡിസ്ട്രിക്റ്റ്

കാട്ടാക്കട സൗത്ത് ഡിസ്ട്രിക്റ്റ് കൺവൻഷൻ ഡിസംബർ 1-5 വരെ നടന്നു. ഡിസ്ട്രിക്റ്റ് പാസ്റ്റർ രാജു ജോസഫ് ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റർമാരായ എം. ജോൺസൺ, റ്റി. എ. ജോർജ്ജ്, ജോൺ തോമസ്സ്, കെ. ജെ. മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി യുടെ അദ്ധ്യക്ഷതയിൽ സംയുക്ത സഭായോഗവും കർത്തൃമേശ ശുശ്രൂഷയും വൈ.പി.ഇ., എസ്. എസ്., എൽ.എം., പ്രയർ സെൽ ഡിപ്പാർട്ട്മെന്റുകളുടെ വാർഷിക സമ്മേളനവും നടന്നു. പാസ്റ്റർമാരായ വൈ.സെബാസ്റ്റ്യൻ, പി.സാനന്ദം, മാത്യു ഡാനിയേൽ, കെ.ശിശുപാലൻ, എൽ. ഡെന്നിസൺ എന്നിവർ നേതൃത്വം നല്കി.

## വണ്ണപ്പുറം

ഡിസംബർ 9-11 വരെ വണ്ണപ്പുറം ദൈവസഭയിൽ നടന്ന ഉണർവ്വുയോഗങ്ങൾ മുഖാന്തിരം രണ്ടുപേർ വിശ്വാസ സ്നാനം ഏറ്റു ദൈവസഭയോട് ചേർന്നു. ഏരിയാ കോർഡിനേറ്റർ പാസ്റ്റർ ബേബി ഐസക്ക് സ്നാനശുശ്രൂഷ നടത്തി. ഏരിയാ കോർഡിനേറ്ററുടെ നേതൃത്വത്തിൽ ഈ സ്ഥലത്തു നടത്തിയ സുവിശേഷ പ്രവർത്തനത്തിന്റെ ഫലമായി ചിലർ രക്ഷിക്കപ്പെടുന്നതിനിടയായി.

## തിരുവല്ല സൗത്ത് ഡിസ്ട്രിക്റ്റ്

തിരുവൻവണ്ടൂർ ദൈവസഭയിൽ വച്ച് ഡിസ്ട്രിക്റ്റ് മാസയോഗം 11-12-2010 ശനിയാഴ്ച ഡിസ്ട്രിക്റ്റ് പാസ്റ്റർ തോമസ് ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ അനുഗ്രഹകരമായി നടന്നു. പാസ്റ്റർ എ. എൻ രാജു ഇവിടെ ശുശ്രൂഷിക്കുന്നു.

## കോന്നി ഡിസ്ട്രിക്റ്റ്

**കോന്നി:** ദൈവസഭയിൽ നടന്ന ഉപവാസപ്രാർത്ഥന മുഖാന്തിരം ചിലർ രക്ഷിക്കപ്പെട്ടു. 28-10-2010ൽ 7 പേർ സ്നാനമേറ്റ് സഭയോട് ചേർന്നു. പാസ്റ്റർ ഇ. എസ്. വർഗ്ഗീസ് സ്നാനശുശ്രൂഷ നിർവ്വഹിച്ചു.

**ളാക്കൂർ:** ദൈവസഭയിൽ ഒരാൾ വിശ്വാസ സ്നാനം സ്വീകരിച്ചു. ഡിസ്ട്രിക്റ്റ് പാസ്റ്റർ ഇ. എസ്. വർഗ്ഗീസ് സ്നാനശുശ്രൂഷ നടത്തി. ഇവിടെ പാസ്റ്റർ ദാനിയേൽ ശങ്കരത്തിൽ ശുശ്രൂഷിക്കുന്നു.

## പ്രെയർസെൽ ഉപവാസ പ്രാർത്ഥന

ഇൻഡ്യാ (പൂർണ്ണ സുവിശേഷ) ദൈവസഭ പ്രയർസെല്ലിന്റെ ആഭിമുഖ്യത്തിൽ എട്ട് ഡിസ്ട്രിക്ടുകൾ ചേർന്ന് കോട്ടയം ടൗൺ സഭയിൽവെച്ച് 7-12-2010 ചൊവ്വാഴ്ച നടന്ന ഉപവാസ പ്രാർത്ഥനയ്ക്ക് പാസ്റ്റർ വൈ. ജോസ്, പാസ്റ്റർ വി. പി. മത്തായി എന്നിവർ നേതൃത്വം നൽകി. പ്രയർസെൽ ഡയറക്ടർ പാസ്റ്റർ വി. ജെ. കുഞ്ഞുമ്മൻ വചനം ശുശ്രൂഷിച്ചു. ഡിസ്ട്രിക്ട് പാസ്റ്റർമാരായ വി. പി. തോമസ്, റ്റി എം. തോമസുകുട്ടി, വർഗ്ഗീസ് വി. ജോൺ, ജയിക്കബ് ദാനിയേൽ, സ്റ്റേറ്റ് ബോർഡ് അംഗങ്ങൾ ഉൾപ്പെട്ട അനേക ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുത്തു.

# വൈ.പി.ഇ. സ്റ്റേറ്റ് ക്യാമ്പ് സമാപിച്ചു




ഇൻഡ്യാ ദൈവസഭാ കേരളാ സ്റ്റേറ്റ് വൈ. പി. ഇ. യുടെ 2010-ലെ സംസ്ഥാന ക്യാമ്പ് പത്തനാപുരം ക്രൗൺ ഓഡിറ്റോറിയത്തിൽ വച്ച് ഡിസംബർ 27 മുതൽ 29 വരെയുള്ള തീയതികളിൽ അനുഗ്രഹകരമായി നടന്നു.

മാറിവരുന്ന കാലഘട്ടത്തിൽ പൊതു സമൂഹത്തിൽ ശക്തി തെളിയിക്കുന്നതിനേക്കാൾ അധികമായി ഫലമുള്ളവരായി ക്രിസ്തുവിനുവേണ്ടി പ്രകാശിക്കുക എന്ന ആഹ്വാനം നൽകികൊണ്ട് വൈ. പി. ഇ. സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ വൈ. റെജി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തുടർന്നുള്ള സെഷനുകളിൽ 'ഫലകരമായ ക്രിസ്തീയ ജീവിതം' എന്ന വിഷയത്തെ ആസ്പദമാക്കി ബൈബിൾ ക്ലാസുകളും ഗ്രൂപ്പു ചർച്ചകളും നടന്നു.

സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി, അസി. ഓവർസീയർ പാസ്റ്റർ പി. ജി. മാത്യൂസ്, ചർച്ച് ഗ്രോത്ത് ഡയറക്ടർ പാസ്റ്റർ പി. സി. ചെറിയാൻ, എസ്. എസ്. ഡയറക്ടർ പാസ്റ്റർ ജോസ് ബേബി, ഡോ. രാജു തോമസ്, പാസ്റ്റർ ജോൺ ഫിലിപ്പ്, പാസ്റ്റർ ഷിബു കെ. മാത്യു, ബ്രദർ ഏബ്രഹാം ഫിലിപ്പോസ് തുടങ്ങിയവർ പ്രസംഗിച്ചു.

കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രോഗ്രാം തിമോത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടന്നു.

രണ്ടാം ദിവസം നടന്ന താലന്തു പരിശോധനയിൽ എറണാകുളം സോണൽ ബെസ്റ്റ് സോണൽ അവാർഡും കൊട്ടാരക്കര സോണൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഡിസ്ട്രിക്റ്റ് തലത്തിൽ ആലുവ ഡിസ്ട്രിക്റ്റും ലോക്കൽ തലത്തിൽ ഫെയ്ത്ത് സിറ്റി ചർച്ചും ഒന്നാം സ്ഥാനം നേടി. വ്യക്തിഗത ചാമ്പ്യൻഷിപ്പ് ഇടുക്കി ഡിസ്ട്രിക്റ്റിൽ നെടുങ്കണ്ടം സഭയിലെ സിസ്റ്റർ ജീനാ ജോസഫ് കരസ്ഥമാക്കി.

മൂന്നാം ദിവസം നടന്ന പ്രോഗ്രാമിൽ അസി. ഓവർസീയർ പാസ്റ്റർ പി. ജി. മാത്യൂസ് വിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു.

ക്യാമ്പിന്റെ കോർഡിനേറ്റേഴ്സ് ആയി ബ്രദർ ജേക്കബ് ഇട്ടി, പാസ്റ്റർ വൈ. ജോസ് എന്നിവർ പ്രവർത്തിച്ചു.

2010 ലെ ക്യാമ്പ് എല്ലാ നിലയിലും വിജയകരമാക്കി തീർത്ത സർവ്വശക്തന് മഹത്വവും പുകഴ്ചയും അർപ്പിക്കുന്നു. ഈ ക്യാമ്പിന്റെ വിജയത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാ കൂട്ടുപ്രവർത്തകർക്കും എന്റെ ഹൃദയംഗമായ നന്ദി

**പാസ്റ്റർ വൈ. റെജി**

(വൈ.പി.ഇ. സ്റ്റേറ്റ് പ്രസിഡന്റ്)

# ഇവാഞ്ചലിസം സെമിനാർ




ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഇടമൺ ദൈവസഭാ ഹാളിൽ വച്ച് നവംബർ 20ന് ഏകദിന ഇവാഞ്ചലിസം സെമിനാർ നടന്നു. പാസ്റ്റർ പി. എൻ. ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം ഡയറക്ടർ പാസ്റ്റർ കെ. വി. ജോയിക്കുട്ടി ഉദ്ഘാടനം ചെയ്തു. ഇടമൺ, പുനലൂർ, പത്തനാപുരം, ആയൂർ, ചണ്ണപ്പേട്ട എന്നീ ഡിസ്ട്രിക്റ്റുകളിൽ നിന്ന് നൂറിലധികം ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുത്തു. പാസ്റ്റർ ഷിബു കെ. മാത്യു 'ഫലപ്രദമായ സുവിശേഷീകരണം' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. പ്രോഗ്രാം കോ-ഓർഡിനേറ്റർ പാസ്റ്റർ എ. റ്റി. ജോസഫ് മോഡറേറ്റർ ആയിരുന്നു. പാസ്റ്റേഴ്സ് ഏബ്രഹാം മാത്യു, വൈ. ജോസ്, ബെന്നി കെ., ബെൻസ് ഏബ്രഹാം, ടി. കെ. ജോസഫ്, വി. ബാബു എന്നിവർ സഭാവളർച്ചയിൽ തങ്ങൾക്കുണ്ടായ അനുഭവങ്ങൾ പങ്കുവെച്ചു. സെക്രട്ടറി ബ്രദർ ജോൺ ബനിയൻ സ്വാഗതവും നന്ദിയും അറിയിച്ചു.

---

(9-ാം പേജിൽനിന്നും)

കുറ്റക്കാരനാണെങ്കിലും ദൈവപൈതലായിരിക്കുന്ന ഒനേസിമോസ് പൗലോസിന്റെ നിർദ്ദേശപ്രകാരം തിരികെ ചെല്ലുന്ന ഈ അവസരം ഫിലമോന്റെ ക്രിസ്തീയ മനോഭാവം വെളിപ്പെടുത്തുവാൻ പറ്റിയ ഒരു അവസരമാണ്. അത് ഉചിതമായ നിലയിൽ പ്രയോജനപ്പെടുത്തണം എന്ന് പൗലോസ് സ്നേഹപൂർവ്വം ആലോചന കൊടുക്കുന്നു (വാ. 6-8). പൗലോസ് മുഖാന്തിരം ക്രിസ്തുവിലെ വിലയേറിയ രക്ഷയുടെ പങ്കാളിയായിത്തീർന്ന ഫിലെമോൻ പൗലോസിനോടും വിശേഷാൽ ക്രിസ്തുവിനോടും വളരെ കടപ്പെട്ടവനാണ്. ഒനേസിമോസ് ഫിലെമോന്റെ ധനം മോഷ്ടിച്ച് അന്യായം ചെയ്തിട്ടുണ്ടെങ്കിലും അവൻ ഫിലെമോനെപ്പോലെ തന്നെ വീണ്ടും ജനിച്ച് ദൈവപൈതലായി തീർന്നിരിക്കുകയാൽ പൂർവ്വകാല കുറ്റങ്ങൾ എല്ലാം ക്ഷമിച്ചു കൊടുത്തേ മതിയാകൂ (വാ. 16,17). ഫിലെമോൻ ഒനേസിമോസിന് നന്മചെയ്യേണ്ടതാണ്. ഒനേസിമോസ് അടിമയെങ്കിലും ഒരു ദൈവ പൈതലായി തീർന്നിരിക്കുന്നതിനാൽ അവനുവേണ്ടി പൗലോസ് എന്തും ചെയ്തു കൊടുക്കുവാൻ സന്നദ്ധനാണ്. 'ദൈവം ക്രിസ്തുവിൽ നമ്മോടു ക്ഷമിച്ചതുപോലെ നാമും അന്യോന്യം ക്ഷമിക്കേണ്ടതാണ്'. പാപക്കടം തീർത്തു കിട്ടിയവൻ ദൈവത്തോടും മനുഷ്യരോടും വളരെ കടപെട്ടവനാണ്. ഈ കടപ്പാടുകളെ തീർക്കുവാൻ ലഭിക്കുന്ന ഓരോ അവസരവും വിലയേറിയതായി പ്രയോജനപ്പെടുത്തണം എന്നുള്ള ക്രിസ്തീയ ധർമ്മത്തെ പൗലോസ് വളരെ ചാതുര്യത്തോടെ സമർത്ഥിക്കുന്നു. ഫിലെമോൻ അനുസരണമുള്ള ദാസൻ ആണ്. വചനത്തെ അനുസരിക്കുന്ന വീരന്മാരുടെ ലിസ്റ്റിൽ പെട്ടിരിക്കുന്നു. പൗലോസ് ആജ്ഞാപിക്കുന്നതിനെക്കാൾ അധികം ഫിലെമോൻ പ്രവർത്തിക്കുന്നു. ദൈവം ക്രിസ്തുവിൽ നമ്മെ അംഗീകരിക്കുന്നു. വയസ്സനായ പൗലോസ് ഫിലെമോനെയും ഒനേസിമോസിനെയും അംഗീകരിച്ചു. ലോകത്തിലെ യജമാനന്മാർ ദാസന്മാരെ അംഗീകരിക്കുന്നു. അന്യോന്യം കൈക്കൊള്ളുവാനുള്ള ധാർമ്മീകതയുടെ ചെറു കുറിപ്പാണ് ഫിലെമോനുള്ള ലേഖനം.

# നിത്യതയിൽ



**പുത്തൻപീടിക:** പത്തനം തിട്ട ടൗൺ ദൈവസഭാം ഗവും പുത്തൻപീടിക കിടാ രത്തിൽ പരേതനായ മത്തായിയുടെ ഭാര്യ **കുഞ്ഞമ്മ മത്തായി** (89) 5-12-2010 ഞായറാഴ്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഏറിയവർഷങ്ങൾ വിശ്വസ്തതയോടെ ദൈവത്തെ സ്നേഹിച്ച പരേത ദൈവസഭയ്ക്ക് ഒരു അനുഗ്രഹമായിരുന്നു. 8-12-2010 ബുധനാഴ്ച ഭവനത്തിൽ വച്ചുനടന്ന ശുശ്രൂഷയ്ക്ക് സ്ഥലം സഭാശുശ്രൂഷകൻ പാസ്റ്റർ കെ. എം.ചെറിയാൻ നേതൃത്വം നല്കി. പാസ്റ്റേഴ്സ് കെ. റ്റി. വർഗ്ഗീസ്, വർഗ്ഗീസ് ഏബ്രഹാം, ചെറിയാൻ ഫിലിപ്പ്, എം. ഇ. ജോസഫ് മാടപ്പള്ളി, ക്രിസ്റ്റഫർ രാജു, ഡാനിയേൽ തോമസ്, ഇവാ. എം. എ. ജോർജ്ജുകുട്ടി, ഇ. എം. ജോർജ്ജ്, ബ്രദേഴ്സ് കെ. എ. തോമസ്, പി. എസ്. തോമസ്, തുടങ്ങി വിവിധ പെന്തക്കോസ്ത് സഭകളിലും ഇതര സമുദായങ്ങളിലും പെട്ട അനേകർ ആശ്വാസ വചനങ്ങളും അനുശോചനവും അറിയിച്ചു.

ഡിസ്ട്രിക്റ്റ് പാസ്റ്റർ ജി. അലക്സ് ഭവനത്തിൽ തിരുവചനം ശുശ്രൂഷിക്കുകയും പത്തനംതിട്ട ടൗൺ ദൈവസഭാ സെമിത്തേരിയിൽ സംസ്ക്കാരം നിർവ്വഹിക്കുകയും ചെയ്തു.

മക്കൾ: ജോണി, റോസമ്മ, താരമ്മ, വിൽസൺ, പരേതരായ ജോയി, രാജൻ

മരുമക്കൾ: സാം, കോശി (യു. എസ്. എ.), ജോളി, മോളി, പരേതയായ ലീലാമ്മ



**പന്തളം:** കുന്നിക്കുഴി ദൈവസഭാംഗമായ മങ്ങാരം മുതിരക്കാലായിൽ ശ്രീ. **കെ. വി. തോമസ്** (86) 7-12-2010 ചൊവ്വാഴ്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ദൈവസഭയിലെ സജീവ അംഗമായിരുന്നു പരേതൻ. സംസ്കാര ശുശ്രൂഷ പാസ്റ്റർ പി. ജെ. ജേക്കബിന്റെ നേതൃത്വത്തിൽ അസി. ഓവർസീയർ പാസ്റ്റർ പി. ജി. മാത്യൂസ് നിർവ്വഹിച്ചു. ഭവനത്തിൽ നടന്ന ശുശ്രൂഷയിൽ ഇവാഞ്ചലിസം ഡയറക്ടർ പാസ്റ്റർ കെ. വി. ജോയിക്കുട്ടി വചനം ശുശ്രൂഷിക്കുകയും അനേകം കർത്തൃദാസന്മാർ അനുശോചനം അറിയിക്കുകയും ചെയ്തു.

മക്കൾ: മേഴ്സി, ജോസ്, ജെസ്സി, സജി

മരുമക്കൾ: ലിസ, റോയി, മേരിക്കുട്ടി



**ചാത്തന്നൂർ:** ദൈവസഭാംഗമായ വിളയിൽ കുടുംബത്തിൽ **വൈ. ഗീവർഗ്ഗീസ്** (87) 27-12-2010 തിങ്കളാഴ്ച നിത്യതയിൽ ചേർക്കപ്പെട്ടു. ഏറിയ വർഷങ്ങൾക്കുമുമ്പ് കുടുംബമായി പെന്തക്കോസ്തു വിശ്വാസത്തിൽ വരികയും ചാത്തന്നൂർ ദൈവസഭയുടെ അംഗമായും സെക്രട്ടറിയായും വിശ്വസ്തമായി സേവനം ചെയ്യുകയും തുടർന്ന് 1998ൽ സ്വന്ത ദേശത്തുതന്നെ ദൈവസഭാ പ്രവർത്തനം തുടങ്ങുവാൻ കൈത്താങ്ങൽ നൽകുകയും അന്ത്യംവരെ ദേശത്തു നല്ല സാക്ഷ്യം പുലർത്തുകയും ചെയ്തു. തന്റെ മക്കളും കൊച്ചുമക്കളുമായി പലർ കർത്തൃവേലയിലുണ്ട്.

2-1-2011 ഞായറാഴ്ച ഉച്ചകഴിഞ്ഞ് നടന്ന ഭവനത്തിലെയും സെമിത്തേരിയിലെയും ശുശ്രൂഷകൾക്ക് കൊട്ടാരക്കര ഡിസ്ട്രിക്ട് പാസ്റ്റർ പി.ജി. ശമുവേലും സഭാ പാസ്റ്റർ ഷിബു വർഗ്ഗീസും നേതൃത്വം നൽകി. അസി. ഓവർസീയർ പാസ്റ്റർ പി. ജി. മാത്യൂസും, ഇന്ത്യാ റെപ്രസന്റേറ്റീവ് പാസ്റ്റർ കെ. സി. ജോണും വചനശുശ്രൂഷ നിർവ്വഹിച്ചു. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പിയുടെ അനുശോചനം പാസ്റ്റർ ഷിബു കെ. മാത്യു അറിയിച്ചു. പാസ്റ്റേഴ്സ് ജോസ് ബേബി, ടി. എ. ജോർജ്ജ്, ബെൻസ് ഏബ്രഹാം, കെ. എ. ഉമ്മൻ, ഇവാ. ഇ. എം. ജോർജ്ജ് തുടങ്ങി അനേക കർത്തൃദാസന്മാർ ആശ്വാസ വചനങ്ങളും അനുശോചനങ്ങളും അറിയിച്ചു. തുടർന്ന് ചാത്തന്നൂർ ദൈവസഭാ സെമിത്തേരിയിൽ സംസ്കാരം നടത്തി.

ഭാര്യ: ശോശാമ്മ വർഗ്ഗീസ്

മക്കൾ/മരുമക്കൾ: പാസ്റ്റർ ജി. അലക്സ്/മേരി

ക്കുട്ടി (ദൈവസഭാ കൗൺസിൽ മെമ്പറും പത്തനംതിട്ട ഡിസ്ട്രിക്ട് പാസ്റ്ററും വാര്യാപുരം ദൈവസഭാ ശുശ്രൂഷകനുമാണ്), ജോണിക്കുട്ടി/കുഞ്ഞുമോൾ, പരേതയായ മറിയക്കുട്ടി, പരേതനായ സർജിയോസ്, രാജൻ/ഏലിക്കുട്ടി, മോളിക്കുട്ടി/മത്തായി, തമ്പിക്കുട്ടി/ഏലിയാമ്മ, തങ്കച്ചി/ബാബു, സുമ/പാസ്റ്റർ കെ. എ.ചെറിയാൻ.

**മണർകാട്:** ദൈവസഭാംഗവും തലപ്പാടി ഈട്ടിക്കൽ പാസ്റ്റർ ഇ. എ. വർഗ്ഗീസിന്റെ സഹധർമ്മിണിയുമായ **മറിയാമ്മ വർഗ്ഗീസ്** (പെണ്ണമ്മ-76) 12-12-2010 ഞായറാഴ്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ദൈവസഭാ കേരളാ സ്റ്റേറ്റിലെ ഒരു സീനിയർ കർത്തൃദാസനായ പാസ്റ്റ ർ ഇ. എ. വർഗ്ഗീസ്, തലപ്പാടി, പാമ്പാടി, വാഴൂർ പതിനെട്ടാംമൈൽ, വെച്ചൂച്ചിറ, ഇളമ്പൽ, പുനലൂർ, വാര്യാപുരം, വകയാർ, ചാമംപതാൽ, വാഴൂർ പതിനാലാം മൈൽ എന്നിവിടങ്ങളിൽ ലോക്കൽ സഭാ ശുശ്രൂഷകനായും പുനലൂർ, പത്തനംതിട്ട, പത്തനാപുരം ഡിസ്ട്രിക്ട് പാസ്റ്ററായും ശുശ്രൂഷിക്കുമ്പോൾ തന്നോടൊപ്പം കർത്തൃവേലയിൽ വിശ്വസ്തതയോടെ അദ്ധ്വാനിക്കുകയും ദൈവമക്കളുടെ മുമ്പിൽ മാതൃകാ കുടുംബജീവിതം നയിക്കുകയും ചെയ്ത ദൈവദാസിയായിരുന്നു പരേത.



17-12-2010 വെള്ളിയാഴ്ച ഭവനത്തിൽ നടന്ന സംസ്കാര ശുശ്രൂഷകൾക്ക് പാമ്പാടി ഡിസ്ട്രിക്ട് പാസ്റ്റർ റ്റി. എം. തോമസുകുട്ടി, സഭാ പാസ്റ്റർ ജോയി തോമസ് എന്നിവർ നേതൃത്വം നൽകി. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി, അസി. ഓവർസീയർ പാസ്റ്റർ പി. ജി. മാത്യൂസ്, കൗൺസിൽ സെക്രട്ടറി പാസ്റ്റർ എം. ഒ. ഏലിയാസ്, പാസ്റ്റേഴ്സ് ജോസ് ബേബി, വി. പി. തോമസ്, ഏബ്രഹാം മാത്യു (പുനലൂർ), പി. ജി. തോമസ്, ബ്രദർ ജോൺ പി. നൈനാൻ, ദൈവസഭയിലെയും ഇതര സഭകളിലെയും മറ്റ് അനേക കർത്തൃദാസന്മാരും ആശ്വാസ വചനങ്ങളും അനുശോചനങ്ങളും അറിയിച്ചു. തുടർന്ന് ദൈവസഭാ സെമിത്തേരിയിൽ പാസ്റ്റർ എം. കുഞ്ഞപ്പി സംസ്കാര ശുശ്രൂഷ നിർവ്വഹിച്ചു.

മക്കൾ: പരേതയായ ഗ്രേസമ്മ, സൂസമ്മ (മുംബൈ), മേഴ്സി (മസ്കറ്റ്), പാസ്റ്റർ ആൻഡ്രൂസ് ഇ.വർഗ്ഗീസ്, ബ്ലെസി (മസ്കറ്റ്).

മരുമക്കൾ: ടി.എം.മാത്യു, ഡി.തോമസ്, തോമസ് ജോസ്, ജോസ് മാത്യു, ഷെർലി ആൻഡ്രൂസ്.

**ഏഴംകുളം:** മങ്ങാട് കോഴിമലയിൽ കെ.ജെ. തോമസിന്റെ ഭാര്യയും ഏഴംകുളം ദൈവസഭാംഗവുമായ **കുഞ്ഞൂഞ്ഞമ്മ** (71) 26.12. 2010 തിങ്കളാഴ്ച നിത്യതയിൽ ചേർക്കപ്പെട്ടു. പരേത കർത്താവിനെ വിശ്വസ്തതയോടെ സേവിക്കുകയും ദേശത്തു നല്ല സാക്ഷ്യം പുലർത്തുകയും ചെയ്തു.



27.12.2010 ചൊവ്വാഴ്ച ഭവനത്തിൽ നടന്ന സംസ്കാര ശുശ്രൂഷകൾക്ക് അടൂർ ടൗൺ ഡിസ്ട്രിക്റ്റ് പാസ്റ്ററും ഏഴംകുളം സഭാ പാസ്റ്ററുമായ ടി. സി. ചെറിയാൻ നേതൃത്വം നൽകി. പാസ്റ്റേഴ്സ് വി.ജെ. കുഞ്ഞുമ്മൻ, വി.ജെ. വർഗ്ഗീസ്, ജോസ് ബേബി, സാം സി. ബേബി, ഷിബു കെ. മാത്യു, കെ. എം. ബേബി, റെജി കെ. ജോൺ, ബ്രദർ കെ. പൗലോസ് ഉൾപ്പെടെ അനേക കർത്തൃദാസന്മാർ ആശ്വാസവചനങ്ങളും അനുശോചനവും അറിയിച്ചു. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി തിരുവചനത്തിൽ നിന്നും പ്രത്യാശയുടെ ദൂതു നല്കി.

തുടർന്നു ദൈവസഭാ സെമിത്തേരിയിൽ പാസ്റ്റർ ടി. സി. ചെറിയാൻ സംസ്കാരം നടത്തി.

മക്കൾ : സിസിലി, ജോൺ, സുജ

മരുമക്കൾ: വൈ. സി. ലാലൻ, ലീലാമ്മ, കെ. ജോസ്.

**...ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു... (വെളിപ്പാട് 14:13).**

Reg. R. N. 36077/1987 **Suvishesha Nadam** Vol. 31
Registrerd No. KL/MVK/435/2009-2011 Issue No. 1




Printed, Published by Pastor K.A. Oommen on behalf of Gospel Voice Publishers, Published from Mount Zion, Mulakuzha, Chengannur, Alleppey - 689505 and printed at Carmel Press, House No. 11/176, Near Kaviyoor Evening Market, Njalbhagom Muri, Pathanamthitta Dist - 689629 Editor P.I. Abraham